**DRAFT BYELAW FOR DISCUSSION**

**തിരുവനന്തപുരം നഗരസഭ**

**വിജ്ഞാപനം**

## നഗരഖരമാലിന്യ പരിപാലന സംസ്ക്കരണ-നിർമ്മാർജ്ജന - നിർവ്വഹണ ഉപനിയമാവലി

**പീഠിക**

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 3 അനുച്ഛേദം 21 ജീവനും ജീവിക്കാനും ജീവന ഉപാധികൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തിന്റെ ഭാഗമായ സുരക്ഷിത സുസ്ഥിര പരിസ്ഥിതിക്കുള്ള മൗലിക അവകാശം, ഭരണഘടനയുടെ ഭാഗം 4 അനുച്ഛേദം 39 പ്രകാരം പൊതുജനാരോഗ്യ സ്ഥിതി മെച്ചപ്പെടുത്താനും ജീവിത നിലവാരം ഉയർത്താനും പരിരക്ഷിക്കാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ രാഷ്ട്രത്തിന്റെ ഭരണഘടനാ ഘടകം എന്ന നിലയിൽ തദ്ദേശ ഭരണ സ്ഥാപനത്തിനുള്ള ബാധ്യത, മൗലികപൗരധർമ്മം സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥയായ അനുച്ഛേദം 51 എ പ്രകാരം പ്രകൃതി പരിസ്ഥിതി പരിപാലിക്കാനുള്ള പൗരൻമാരുടെ കടമ എന്നിവയ്ക്ക് പ്രാബല്യം നൽകുന്നതിന് നഗരസഭയ്ക്ക് ഉത്തരവാദിത്വം ഉണ്ട്.

1994 ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് അനുസരിച്ചും 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിൻ കീഴിൽ 2000 ൽ പ്രാബല്യത്തിൽ വന്ന മുനിസിപ്പൽ ഖരമാലിന്യം (പരിപാലനവും കൈകാര്യവും) ചട്ടപ്രകാരവും നഗര മാലിന്യ സംക്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്വവും നഗരസഭയ്ക്കുണ്ട്. കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് യഥാക്രമം 209, 330, 333 വകുപ്പുകൾ അനുസരിച്ച് നഗരപരിധിയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നഗരസഭയുടെ സ്വത്തായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതികളിൽ അവ നിർമ്മാർജ്ജനം ചെയ്യാനോ, സംസ്ക്കരിക്കാനോ, അന്തിമമായി അവ നീക്കംചെയ്യുന്നതിനോ ഉള്ള ചുമതലയും നഗരസഭയ്ക്കുണ്ട്. ഇതിനായി കാലാകാലം യുക്തമായതും സ്വീകാര്യമായിട്ടുള്ളതുമായ മാർഗ്ഗം അവലംബിക്കാനും ഖര-ദ്രവമാലിന്യങ്ങൾ കൈയൊഴിക്കുന്നതിനും നഗരസഭ അധികാരപ്പെട്ടിരിക്കുന്നു.

പൊതു സ്ഥലങ്ങളിലും, സ്വകാര്യ പരിസരങ്ങളിലും ശുചീകരണത്തിനും ഖരമാലിന്യ സംഭരണം, ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം, എന്നിവയ്ക്ക് ആവശ്യമായതും ഉചിതമായിട്ടുള്ളതുമായ ഉപാധികൾ ഏർപ്പെടുത്താനും പരിപാലിക്കാനും അവയുടെ നടത്തിപ്പിനും ആവശ്യമെങ്കിൽ ഇത്തരം ഉപാധികൾ ഏർപ്പെടുത്താൻ സ്വകാര്യ വസ്തു ഉടമസ്ഥരോട് നിർദ്ദേശിക്കാനും അതിന്റെ നിർവ്വഹണം ഉറപ്പുവരുത്താനും നഗരസഭയ്ക്ക് മുനിസിപ്പാലിറ്റീസ് ആക്ട് വകുപ്പ് 326, 327 എന്നിവ പ്രകാരം അധികാരം ഉണ്ട്. വകുപ്പ് 334 അനുസരിച്ച് ഖരമാലിന്യങ്ങളുടെയും ചപ്പുചവറുകളുടെയും നിക്ഷേപം നിയന്ത്രിക്കാനും അങ്ങനെയുള്ളവ നിർമ്മാർജ്ജനം ചെയ്യാനും നഗരസഭയ്ക്ക് അധികാരമുണ്ട്.

എന്നാൽ അപായകരമായ വ്യവസായ മാലിന്യങ്ങൾ/ജൈവ-മെഡിക്കൽ മാലിന്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമം അനുസരിച്ച് വേറെ ചട്ട വ്യവസ്ഥകൾക്ക് രൂപം നൽകിയിട്ടുണ്ട്

നഗര മാലിന്യ സംസ്ക്കരണ-പരിപാലനം ശാസ്ത്രീയവും പ്രായോഗികവും ആയി നടപ്പിൽ വരുത്തുന്നതിന് യുക്തിഭദ്രവും നീതിപൂർവ്വകവും നിയാമകവുമായ വിധത്തിൽ ജനപങ്കാളിത്തവും സാമൂഹ്യ നിയന്ത്രണവും നിരന്തര നിരീക്ഷണവും സമയബന്ധിത

അവലോകനവും അനിവാര്യപരിഷ്കരണവും ഉറപ്പുവരുത്തും വിധം ശരിയായ നിയമ-ചട്ടങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്..

അതനുസരിച്ച് ഉപനിയമാവലികൾ രൂപീകരിക്കാനും വിജ്ഞാപനം ചെയ്യാനും നടപ്പിൽവരുത്താനും മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 567 പ്രകാരം നഗരസഭാ കൗൺസിലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ നഗരപരിധിയിലെ താമസക്കാരും, നഗരത്തിലെത്തുന്ന സന്ദർശകരും, യാത്രികരും, നഗരാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ-വാണിജ്യ സ്ഥാപനങ്ങളും ഉല്പാദിപ്പിക്കുന്നതും പുറന്തള്ളുന്നതുമായ മാലിന്യങ്ങൾ അലക്ഷ്യമായും അശ്രദ്ധമായും നിക്ഷേപിക്കുന്നത് തടയുന്നതിനും നഗരപ്രദേശം വൃത്തിയായും പരിസര ശുചിത്വമുള്ളതായും സൂക്ഷിക്കുന്നതിനും പൊതു നിരത്തുകളിലും പൊതുസ്ഥലങ്ങളിലും നിർദ്ദേശങ്ങൾ ലംഘിച്ചും ഉത്തരവുകൾക്കെതിരായും ചപ്പുചവറുകൾ വലിച്ചെറിയുന്നത് നിയന്ത്രിക്കാനും ഖരമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ നിർദ്ദിഷ്ട രീതിയിൽ വേർതിരിച്ച് ശേഖരിച്ച് സംഭരിച്ച് വ്യവസ്ഥാപിത മാർഗ്ഗത്തിൽ പരിവഹണം ചെയ്യുന്നതിനും നിർണ്ണയിക്കപ്പെടുംവിധം സംസ്ക്കരിച്ച് കയ്യൊഴിക്കുന്നതിനും, ഈവക കാര്യങ്ങളിൽ ജനജാഗ്രതയും പൗരധർമ്മവും പാലിക്കപ്പെടുന്നത് ഉറപ്പാക്കുന്നതിനും വേണ്ടി നിയമ-ചട്ടങ്ങളാൽ നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾക്ക് വിധേയമായി തിരുവനന്തപുരം നഗരസഭ സെക്രട്ടറി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## <u>ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

1. നഗര മാലിന്യ കൈകാര്യവും പരിപാലനവും, സംസ്ക്കരണവും നഗര ജീവിത ഗുണ നിലവാരം, ശുചിത്വം, പരിസ്ഥിതി സംതുലനം എന്നിവ ഉറപ്പുവരുത്തുംവിധം നവീകരിക്കുക.

2. ശുചിത്വ പൂർണ്ണമായ പരിസ്ഥിതി പരിപാലനം വഴി ഉയർന്ന ആരോഗ്യ നിലവാരമുള്ള നഗരജീവിതം സാധ്യമാക്കുക.

3. പൊതു സ്ഥലങ്ങൾ പൂർണ്ണമായും മാലിന്യമുക്തമാക്കുക.

4. ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുകയും സംഭരിക്കുകയും ചെയ്യാനും സംസ്ക്കരണത്തിനും പുനരുപയോഗത്തിനും ശാസ്ത്രീയ ഉപാധികൾ ഉറപ്പാക്കുക.

5. പരമാവധി മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ നിർമ്മാർജ്ജനം ചെയ്യുന്നത് ഉറപ്പാക്കാനും മാലിന്യ പരിപാലനത്തിന് തദ്ദേശ ഉപാധികൾ വികേന്ദ്രീകൃതമായി നടപ്പാക്കാനും മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങളിലേക്ക് പരമാവധി കുറച്ച് മാലിന്യങ്ങൾ മാത്രം പരിവഹണം ചെയ്യുന്നു എന്നത് പാലിക്കാനും ഉതകുന്ന ജനകീയ അവബോധവും ജീവിത ശീലവും ശക്തിപ്പെടുത്തുക.

6. ഖരമാലിന്യങ്ങൾ അടിഞ്ഞുകൂടി ഓടകൾ, അഴുക്കുചാലുകൾ, പൊതുചാലുകൾ, ജലനിർഗ്ഗമന മാർഗ്ഗങ്ങൾ, ജലസ്രോതസ്സുകൾ തുടങ്ങിയവ മലിനീകൃതമാകുന്നതോ, അടയുന്നതോ, ഉപയോഗ ശൂന്യമാകുന്നതോ ആയ സ്ഥിതി ഒഴിവാക്കുക.

7. പൊതു നിരത്തുകൾ, പൊതുസ്ഥലങ്ങൾ, സ്വകാര്യ പരിസരങ്ങൾ എന്നിവയിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതും, വെള്ളക്കെട്ടുണ്ടാകുന്നതും തടയുക.

8. നഗരമാലിന്യ സംഭരണ-പരിവഹണ ചെലവുകൾ പരമാവധി ചുരുക്കുകയും ശാസ്ത്രീയ ബദലുകൾ നടപ്പാക്കുകയും ചെയ്യുക.

9. ഖരമാലിന്യസംസ്ക്കരണം സംബന്ധിച്ച പൊതുവിവരലഭ്യത, കാര്യനിർവ്വഹണ സുതാര്യത, സാമൂഹ്യനിരീക്ഷണ പ്രവർത്തനം, പരാതി പരിഹാര സംവിധാനം എന്നിവ ജനാധിപത്യപരമായി ഉറപ്പുവരുത്തുക.

10. നഗരമാലിന്യ പരിപാലന സംസ്ക്കരണ കൃത്യങ്ങളിൽ ജനകീയാവബോധവും, ആഭിമുഖ്യവും ഉയർത്തുക.

11. നഗരമാലിന്യ പരിപാലന-സംസ്ക്കരണകൃത്യങ്ങളിൽ നഗരസഭ, ജനപ്രതിനിധികൾ, ഇതര സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, ജീവനക്കാർ, സാമൂഹ്യ- സന്നദ്ധ പ്രവർത്തകർ, സേവനാവകാശികൾ, പൗരസമൂഹം എന്നിവരുടെ പങ്കാളിത്തവും ഇടപെടലും, ചുമതലയും ഉറപ്പാക്കുക.

12. വിജ്ഞാപനത്തിന്റെ നടത്തിപ്പിന് ഫലപ്രദമായ നിർവ്വഹണ-നിരീക്ഷണ-പരിഷ്കരണ ഉപാധികൾക്ക് പ്രാബല്യം നൽകുക.

13. നിർദ്ദിഷ്ട നിയമ-ചട്ട-വിജ്ഞാപനങ്ങളുടെ ലംഘനവും, നിഷേധവും തടയാനായി, നിയമ-ചട്ട വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് തക്കതായ നിയമാനുസൃത പ്രതിവിധിയോ, ശിക്ഷയോ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും ചെയ്യുക.

14. കാലാകാലം തത്സംബന്ധമായ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും നടപ്പിൽവരുത്തുകയും പരിഷ്കരിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

15. വിജ്ഞാപന നടത്തിപ്പിൽ അറിയാനുള്ള അവകാശവും സത്വര പരാതി പരിഹാരോപാധിയും പ്രാവർത്തികമാക്കുക.

## 1. <u>പേരും പ്രാരംഭവും</u>

1. വിജ്ഞാപനത്തിന്റെ പേര് തിരുവനന്തപുരം നഗരമാലിന്യ (പരിപാലന-സംസ്ക്കരണ - നിർമ്മാർജ്ജന- നിർവ്വഹണ) ഉപനിയമാവലി ചട്ടങ്ങൾ എന്നായിരിക്കും.

2. ഈ വിജ്ഞാപനം ആയത് തിരുവനന്തപുരം നഗരസഭ അംഗീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

## 2. <u>പ്രയോഗ പരിധി</u>

തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിലെ മുഴുവൻ പൊതു സ്ഥലങ്ങളോ, സ്വകാര്യ പരിസരങ്ങളോ, വാസസ്ഥലങ്ങളോ, വ്യാപാര-വാണിജ്യ കേന്ദ്രങ്ങളോ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഈ വിജ്ഞാപനത്തിന്റെ പ്രയോഗ പരിധിയിൽ പെടുന്നതായിരിക്കും.

## 3. <u>നിർവ്വചനങ്ങൾ</u>

നിലവിലുള്ള നിയമ - ചട്ട വ്യവസ്ഥകൾ - സാന്ദർഭികമായി മറിച്ച് ആവശ്യപ്പെടുകയോ, വിശദീകരണങ്ങളും, സംക്ഷിപ്തങ്ങളും പ്രത്യേകമായി നിർവ്വചിക്കപ്പെടുകയോ ചെയ്യാത്തിടത്തോളം

1. അങ്കണം

ഒരു പുരയിടത്തിൽ നിലനിൽക്കുന്ന കെട്ടിടത്തിന്റെ മുൻപിലോ, പുറകിലൊ, വശങ്ങളിലോ, അതിനടുത്തോ നടപ്പാതയുടെയോ, പൊതു നിരത്തിന്റെയോ അരികിൽ വരെ എത്തുന്ന സ്ഥലത്തിന് അങ്കണം എന്ന് അർത്ഥമാകുന്നു. കാനകൾ, ഓടകൾ, നടക്കല്ല്, നടവഴി, എന്നിവയെല്ലാം അങ്കണം എന്നതിൽ ഉൾപ്പെടുന്നതായിരിക്കും.

2. അപകടകാരിയായ മാലിന്യം

തീപിടിക്കാവുന്നതോ പൊട്ടിത്തെറിക്കാവുന്നതോ രാസപ്രവർത്തന ശേഷിയുള്ളതോ പ്രതികരണ സ്വഭാവമുള്ളതോ ആയതും മനുഷ്യന്റെയോ ജന്തുജീവജാലങ്ങളുടെയോ നിലനിൽപ്പിന് ഹാനികരമായിട്ടുള്ളതുമായ മാലിന്യങ്ങൾ. ആശുപത്രി മാലിന്യവും ഇതിൽ ഉൾപ്പെടുന്നതായിരിക്കും.

3. അലക്ഷ്യവസ്തുക്കൾ

ഗാർഹികമോ, വാണിജ്യപരമോ ആയ ഖര-ദ്രവ മാലിന്യങ്ങൾ അലക്ഷ്യമായി ഒരു പൊതുസ്ഥലത്തോ, സ്വകാര്യ പരിസരത്തോ നിക്ഷേപിക്കപ്പെട്ടിട്ട് ആയതിന്റെ ആകൃതിയോ, വലിപ്പമോ, അളവോ, സ്വഭാവപ്രകൃതിയോ മൂലം എന്തെങ്കിലും ശല്യമോ, അസ്വാസ്ഥ്യമോ ഉണ്ടാകുകയോ പ്രസ്തുത സ്ഥലത്തിന്റെ സുഗമമായ വിനിയോഗം പറ്റാതെ വരുകയും ചെയ്യുന്ന പക്ഷം അതിനെ അലക്ഷ്യമായ മാലിന്യവസ്തുക്കൾ എന്ന് പറയുന്നതായിരിക്കും.

4. അലക്ഷ്യമായ മാലിന്യ നിക്ഷേപം

അലക്ഷ്യവസ്തുക്കൾ പൊതു സ്ഥലത്ത് എത്തിപ്പെടുംവിധം ശക്തിയായോ, സാവധാനമോ, ഒഴുകിയോ, പറന്നോ വീണോ ഉള്ള സംഭാവ്യമോ അനുവദിക്കപ്പെട്ടതോ ആയ തരത്തിൽ ചെയ്യുന്ന അശ്രദ്ധമായ മാലിന്യ നിക്ഷേപം.

5. അയൽപക്കം

നഗരസഭാ പരിധിക്കുള്ളിൽ ഒരു പ്രദേശത്ത് നിവസിക്കുന്ന കുടുംബങ്ങൾ ആപ്രദേശത്തിന്റെ ഭൂമിശാസ്ത്ര, സാമൂഹ്യ സവിശേഷതകൾ കണക്കിലെടുത്ത് വ്യക്തമായി നിർവ്വഹിക്കപ്പെടാവുന്ന സ്ഥലം എന്ന് അർത്ഥമാക്കുന്നു.

6. അയൽക്കൂട്ടം

നഗരസഭയിലെ നിർദ്ദിഷ്ട ഭൂപരിധിയ്ക്കുള്ളിലുള്ള നിശ്ചിത എണ്ണം കുടുംബങ്ങളുടെ ഏകോപന വേദി

7. ആശുപത്രി മാലിന്യങ്ങൾ

മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയ്ക്ക് രോഗ ചികിത്സ, രോഗപ്രതിരോധം, രോഗ നിർണ്ണയ നടപടികൾ, മരണാനന്തര നടപടികൾ, തുടങ്ങിയവ നടത്തുമ്പോൾ ഉദ്ഭവിക്കുന്ന മലിന വസ്തുക്കൾ

8. ഇടുങ്ങിയ ഓട

കുളിമുറികൾ, മൂത്രപ്പുരകൾ, കുളങ്ങൾ ഓവുചാലുകൾ എന്നിവയിൽ നിന്നും വെള്ളം ഒഴുകി വാർന്നു മാലിന്യ നിർഗ്ഗമനം സുഗമമാകുന്നതിനുവേണ്ടി പണിതിട്ടുള്ള, ചെറു

നീർച്ചാലുകൾ, അഥവാ മറ്റുമാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ ഉണ്ടാക്കേണ്ടി വരുന്ന ഇടുങ്ങിയ നീർച്ചാലുകൾ..

9. ഇന്ധനം

മാലിന്യ നിർഗ്ഗമനത്തിനോ പരിവഹണത്തിനായോ സംസ്ക്കരണത്തിനായോ ആവശ്യമായേക്കാവുന്ന ഊർജ്ജം ലഭ്യമാക്കുന്നതിലേക്ക് വിനിയോഗിക്കുന്നതോ മാലിന്യ സംസ്ക്കരണത്തിന്റെ ഉപോല്പന്നമായി ഉണ്ടാകുന്നതോ ആയ ഖര-ദ്രവ-വാതക രൂപങ്ങളിലുള്ള ഇന്ധനം.

10. ഇന്ധനച്ചെലവ്

മാലിന്യ നിർഗ്ഗമനത്തിനോ, പരിവഹണത്തിനോ, സംഭരണത്തിനോ വേണ്ടി വരുന്നതോ അതോടനുബന്ധമായി ഉണ്ടാകുന്നതോ ആയ ഇന്ധനാവശ്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവ്.

11. ഉറവിടം

മാലിന്യങ്ങൾ രൂപപ്പെടുന്ന പ്രാഥമികമായ ഇടം അഥവാ സ്ഥലം

12. ഉറവിടത്തിൽ നിന്നുള്ള ശേഖരണം

മാലിന്യങ്ങളുടെ പ്രാഥമിക ഉറവിടമായ കെട്ടിടത്തിൽ നിന്നോ പുരയിടത്തിൽ നിന്നോ, പാർപ്പിട സമുച്ചയത്തിൽ നിന്നോ, കെട്ടിട സമുച്ചയത്തിൽ നിന്നോ, സ്ഥാപനത്തിൽനിന്നോ, പൊതുസ്ഥലത്തുനിന്നോ, നേരിട്ട് മാലിന്യങ്ങൾ ശേഖരിക്കുക എന്ന് അർത്ഥമാകുന്നു.

13. ഉടമസ്ഥർ

ഒരു പുരയിടത്തിന്റെയോ, കെട്ടിടത്തിന്റെയോ, സ്ഥാപനത്തിന്റെയോ, അവയുട ഭാഗങ്ങളുടെയോ, അതോടനുബന്ധിച്ച വകകളുടെയോ, ഉടമസ്ഥാവകാശം അനുഭവിക്കുന്ന വ്യക്തി അഥവാ വ്യക്തികൾ.

14. ഉൽപ്പാദകർ

മാലിന്യങ്ങൾ ഉണ്ടാകുന്നതിന് ഇടയാക്കുകയോ അവസരമൊരുക്കുകയോ ചെയ്യുന്നവർ

15. ഉദ്ഭവ സ്ഥാനം

മാലിന്യങ്ങളുടെ ഉറവിടമോ, ഉദ്ഭവ സ്ഥാനമോ അഥവാ മാലിന്യ സംഭരണത്തിനോ, വേർതിരിച്ച് ശേഖരിക്കുന്നതിനോ, സൂക്ഷിപ്പിനോ വേണ്ടി ഉടമസ്ഥരോ, കൈവശക്കാരോ, പരിപാലകരോ ഉപയോഗിക്കുന്ന പൊതു സ്വകാര്യ ഇടങ്ങൾ.

16. ഉദ്യാന മാലിന്യം

ഉദ്യാനങ്ങൾ പൂന്തോട്ടങ്ങൾ തുടങ്ങിയവയിൽ നിന്നും ഉണ്ടാകുന്നതോ, അവയുടെ പരിപാലന പ്രവർത്തിയുടെ പരിണതഫലമായി ഉണ്ടാകുന്നതോ ആയ പുല്ല്, ചില്ലകൾ, ഇലകൾ, തൊലികൾ, തോലുകൾ, ശിഖരങ്ങൾ തടികഷണങ്ങൾ,

ജീർണ്ണാവശിഷ്ടങ്ങൾ എന്നിവയുൾപ്പെടുന്നതും ദിവസേനയുണ്ടാകുന്ന ജൈവ ഖരമാലിന്യത്തിൽ ഉൾപ്പെടുത്താനാവാത്തതുമായ മാലിന്യങ്ങൾ.

17. ഊർജ്ജം

മാലിന്യസംസ്ക്കരണത്തിന് വേണ്ടിയോ മാലിന്യ സംസ്ക്കരണം വഴിയോ ഉപയോഗിക്കപ്പെടുന്നതോ ഉൽപ്പാദിപ്പിക്കപ്പെടുന്നതായ ഊർജ്ജം

18. ഏജന്റ്/ഏജൻസി

ഉഭയകക്ഷി സമ്മതത്താലുണ്ടാകുന്ന കരാർ/ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നഗരസഭയ്ക്കു വേണ്ടി മാലിന്യങ്ങൾ സംസ്ക്കരിക്കുകയോ, ശേഖരിക്കുകയോ വേർതിരിക്കുകയോ, പരിവഹണം നടത്തുകയോ, സംസ്ക്കരിക്കുകയോ, നീക്കം ചെയ്യുകയോ, കൈയൊഴിക്കുകയോ ചെയ്യുന്നതോ ഇതുമായി ബന്ധപ്പെട്ടുള്ള നികുതി/നിരക്ക്/ചാർജ്ജ് ഇവ ഈടാക്കുന്നതോ ഇതിലേക്കാവശ്യമായ യന്ത്രോപാധികളോ വാഹനങ്ങളോ സജ്ജമാക്കുന്നതോ പരിപാലിക്കുന്നതോ വിപുലപ്പെടുത്തുന്നതോ ആയുള്ള പ്രവൃത്തികൾ ഏല്പിക്കപ്പെട്ട വ്യക്തി അഥവാ സ്ഥാപനം (പ്രസ്ഥാനം)

19. കമ്പോസ്റ്റ്

ജൈവ സാങ്കേതിക വിദ്യ ഉപയോഗിച്ച് അഥവാ മണ്ണിരയെ ഉപയോഗിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ഉണ്ടാക്കുന്ന സങ്കര ഉൽപ്പന്നം. ഇപ്രകാരം കമ്പോസ്റ്റ് നിർമ്മിക്കുന്ന സമ്പ്രദായത്തെ കമ്പോസ്റ്റിംഗ് എന്ന് അർത്ഥമാക്കുന്നു.

20. കൈമാറ്റം

നഗരപരിധിയിൽ ഉണ്ടാകുന്നതോ എത്തിപ്പെടുന്നതോ ആയ മാലിന്യങ്ങൾ നഗരസഭ നിയോഗിക്കുന്ന ജീവനക്കാർക്കോ ഏജന്റിനോ വാഹനത്തിലോ സ്ഥലത്തോ സംഭരണിയിലോ ഏല്പിക്കുന്ന നടപടി.

21. കൈകാര്യക്കാർ

ഒരു പുരയിടമോ, കെട്ടിടമോ അവയുടെ ഒരു ഭാഗമോ ഏതെങ്കിലും ആവശ്യത്തിലേയ്ക്കായി കൈവശത്തിൽ വച്ച് ഉപയോഗിക്കുകയോ കൈകാര്യം ചെയ്യുകയോ നിർവ്വഹിക്കുകയോ ചെയ്യുന്ന വ്യക്തി അഥവാ സ്ഥാപനം.

22. കൈവശക്കാർ

ഒരു പുരയിടമോ കെട്ടിടമോ അവയുടെ ഒരു ഭാഗമോ നിയന്ത്രണത്തിൽ വച്ചിട്ടുള്ളതും ഉടമസ്ഥരല്ലാത്തവരോ ആയ വ്യക്തി അഥവാ സ്ഥാപനം

23. ഖരമാലിന്യം

നഗരസഭാ പരിധിയിലുണ്ടാകുന്നതോ എത്തിപ്പെടുന്നതോ ആയ ഖരാവസ്ഥയിലുള്ളതും ഉപയോഗക്ഷമമല്ലാതെ പുറന്തള്ളപ്പെടുന്നതുമായ മലിന വസ്തുക്കൾ

24. ഗതാഗതം

നഗര ഖരമാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം തുടങ്ങിയവയക്കായി ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് എത്തിക്കുന്നതിനായുള്ള കടത്തു സമ്പ്രദായം.

25. ജീവനക്കാർ

നഗരമാലിന്യങ്ങൾ നിയന്ത്രിക്കാനോ പരിപാലിക്കാനോ കൈകാര്യം ചെയ്യാനോ സംസ്ക്കരിക്കാനോ നഗരസഭയോ നിർദ്ദിഷ്ട ഏജന്റോ നിയോഗിക്കുന്ന ജീവനക്കാർ ശുചീകരണ പ്രവർത്തകർ (സാനിട്ടറി വർക്കർ) ഉൾപ്പടെ ഇതിൽ അർഥമാക്കുന്നു.

26. ചപ്പു ചവറുകൾ

നഗര പരിധിയിലെ പൊതു സ്ഥലത്തോ സ്വകാര്യ പരിസരത്തോ ഉണ്ടാകുന്നതോ എത്തിപ്പെടുന്നതോ ആയ ചപ്പുചവറുകൾ എന്ന് അർത്ഥമാകുന്നു. കടലാസ്സ്, പ്ലാസ്റ്റിക്, തടി, സിഗരറ്റ്, കുപ്പി, തകരം, പഞ്ഞി, പൊടി, ചാരം, ചാണകം, ഇഷ്ടിക കഷ്ണങ്ങൾ, കുമ്മായം-സിമന്റ് അവശിഷ്ടങ്ങൾ, ഉടഞ്ഞ ചില്ല്, തുണി, മരഉരുപ്പടി/അവശിഷ്ടം, കെട്ടിടാവശിഷ്ടം, സസ്യാവശിഷ്ടം, പാഴ് വസ്തുക്കൾ തുടങ്ങിയവ ഉൾപ്പെടുന്നു.

27. ജൈവമാലിന്യങ്ങൾ

ജന്തുക്കൾ, സസ്യങ്ങൾ. സൂക്ഷ്മ ജീവികൾ എന്നിവയുടെ അവശിഷ്ടങ്ങൾ, വിസർജ്ജ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ, അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങൾ, ഭക്ഷ്യാവശിഷ്ടങ്ങൾ, ഉച്ചിഷ്ടങ്ങൾ, മത്സ്യ മാംസാവശിഷ്ടങ്ങൾ, അഴുകാനിടയുള്ളതോ അഴുകിയതോ ആയ ആഹാര പദാർത്ഥങ്ങൾ, പൂക്കൾ, ഇലകൾ, വൃക്ഷാവശിഷ്ടങ്ങൾ തുടങ്ങിയവ ഉൾപ്പെടെ ജീർണ്ണിക്കുന്നതായ മാലിന്യങ്ങൾ.

28. ജൈവേതര മാലിന്യങ്ങൾ

ജൈവവസ്തുക്കളോ ജീർണ്ണിക്കാവുന്ന വസ്തുക്കളോ ഒഴികെ റബ്ബർ, പ്ലാസ്റ്റിക് ലോഹങ്ങൾ, ഗ്ലാസ്സ് മുതലായവ ഉൾപ്പെടെയുള്ള അജൈവ സ്വഭാവമുള്ള മാലിന്യങ്ങൾ.

29. ജൈവ-മെഡിക്കൽ മാലിന്യം

ആശുപത്രികൾ, ക്ളിനിക്കുകൾ, ചികിത്സാലയങ്ങൾ, വീടുകൾ തുടങ്ങിയ ഇടങ്ങളിൽ നിന്നും ചികിത്സ, ആരോഗ്യ പരിരക്ഷ, പ്രതിരോധ നടപടി, മൃഗപക്ഷിപരിപാലനം, ഗവേഷണ പ്രവർത്തനം, ജൈവശാസ്ത്ര പഠനപരിശോധനകൾ തുടങ്ങിയവയുടെ ഭാഗമായി ഉല്പാദിക്കപ്പെടുന്നതോ എത്തിപ്പെടുന്നതോ ആയ മാലിന്യങ്ങൾ.

30. നഗരസഭ

തിരുവനന്തപുരം നഗരസഭ അഥവാ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന ഭൂപ്രദേശത്തെ ഭരണസഭയോ അത് ഭരമേൽപ്പിക്കുന്ന സ്ഥാപനമോ ഉദ്യോഗസ്ഥരോ ഉൾപ്പെടുന്ന സംവിധാനം.

31. നഗരസഭാ സെക്രട്ടറി.

കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ജനപ്രതിനിധികൾ അടങ്ങുന്നതായ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അഥവാ അധികാരമാക്കപ്പെട്ടതോ സ്ഥാന നിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ.

32. നഗരസഭാ കൗൺസിൽ.

കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനപ്രതിനിധികൾ അടങ്ങുന്നതായ തിരുവനന്തപുരം നഗരസഭാ സമിതി.

33. നഗരമാലിന്യം

തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഉണ്ടാകുന്നതോ എത്തിപ്പെടുന്നതോ ആയ അപായകരമായ വ്യവസായ മാലിന്യമോ, ബയോ-മെഡിക്കൽ മാലിന്യമോ ഒഴിച്ചുള്ളതും ഗാർഹികമോ വാണിജ്യ-വ്യാപാരപരമോ ആയ ഖര, അർദ്ധഖര, ദ്രവരൂപാവസ്ഥയിലുള്ള മാലിന്യങ്ങളും ശുദ്ധീകൃതമായ ആശുപത്രി മാലിന്യങ്ങളും അടങ്ങുന്ന മാലിന്യങ്ങൾ.

34. നിർമ്മാണ-നശീകരണ മാലിന്യങ്ങൾ

കെട്ടിടങ്ങൾ, യന്ത്രങ്ങൾ, തുടങ്ങിയ മനുഷ്യ നിർമ്മിതികളുടെ രൂപീകരണം, നശീകരണം പുനർനിർമ്മാണം, വിപുലീകരണം, നവീകരണം തുടങ്ങിയവയുടെ ഭാഗമായുണ്ടാകുന്ന അപായകരമല്ലാത്ത അവശിഷ്ടങ്ങൾ ഉൾപ്പെടെ മാലിന്യങ്ങൾ.

35. പരിസരം

പുരയിടം, കെട്ടിടം, കെട്ടിട സമുച്ചയം, വീട്, അനുബന്ധകെട്ടിടങ്ങൾ, കുടിൽ തുടങ്ങിയവ ഉൾപ്പെടെയുള്ളതും കല്ല്, മരം, ഇഷ്ടിക, ലോഹം, മണ്ണ്, സിമന്റ്, കമ്പി ഇവയേതെങ്കിലും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും തുറസ്സായതും താമസം, വ്യാപാരം വാണിജ്യ വ്യവസായം, സേവനം, തുടങ്ങിയവയ്ക്കോ പൊതു-സ്വകാര്യ സ്ഥാപനങ്ങൾക്കായോ, വിവാഹം, സമ്മേളനം തുടങ്ങിയവയ്ക്കായി ഉപയോഗിക്കുന്ന ഓഡിറ്റോറിയങ്ങൾ പ്രദർശനം, ചിത്രീകരണം തുടങ്ങിയവയ്ക്കായോ ഉപയോഗിക്കുന്ന ഇടങ്ങൾ, വണ്ടിപ്പേട്ടകൾ തെരുവ്, വാണിഭ സ്ഥലങ്ങൾ ചന്തകൾ പണ്ടകശാലകൾ, പണിയായുധശാലകൾ തുടങ്ങിയവ ഉൾപ്പെടെയുള്ളവയുടെ ചുറ്റുപാടിന് പരിസരമെന്ന് അർത്ഥമാകുന്നു.

36. പരിശോധനകൾ.

മാലിന്യ സംബന്ധിയായ പരിശോധനകൾക്കായി ഏതൊരു പൊതുസ്ഥലത്തും, സ്വകാര്യ പരിസരത്തും പ്രവേശിക്കുന്നതിനും പരിശോധന നടത്തുന്നതിനും റിപ്പോർട്ട് നല്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ, ഇപ്രകാരം പരിശോധനകൾ നടത്തുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ ജീവനക്കാരെ പരിശോധകർ എന്ന് അർത്ഥമാക്കുന്നു.

37. പരിസ്ഥിതി

മണ്ണ്, വായു, ജലം എന്നിവയും മനുഷ്യർ, ജന്തുക്കൾ, സസ്യങ്ങൾ, സൂക്ഷ്മാണു ജീവികൾ എന്നിവയും അവയ്ക്കിടയിലും അവ തമ്മിലും ഉള്ള പരസ്പര ബന്ധം സ്ഥാപിക്കപ്പെടുന്ന അവസ്ഥയാണ് പരിസ്ഥിതി.

38. പ്രക്രിയ

നഗര മാലിന്യം പരിമിതപ്പെടുത്തുന്നതിനോ പുനരുപയോഗിക്കുന്നതിനോ സംസ്ക്കരിക്കുന്നതിനോ രൂപാന്തരം വരുത്തുന്നതിനോ നിർമ്മാർജ്ജനത്തിനോ ഉപയുക്തമാക്കുന്നതിനോ ഉള്ള ശാസ്ത്രീയവും, പരിസ്ഥിതിക്കിണങ്ങിയതും പ്രായോഗികവുമായ രീതി.

39. പരിക്രമണം – പരിവഹനം

നഗര മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനോ നിർമ്മാർജ്ജനം ചെയ്യുന്നതിനോ കൈയ്യൊഴിക്കുന്നതിനോ വേണ്ടി നിർദ്ദിഷ്ട രീതിയിൽ സ്ഥലംമാറ്റുന്ന നടപടി.

40. പട്ടിക

വിജ്ഞാപനത്തിന് കീഴിൽ രൂപപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന വിവരപ്പട്ടിക.

41. പുതിയ നിർമ്മിതികൾ

നഗര പരിധിയിൽ പണിയുന്നതായ ഏതൊരു കെട്ടിടവും ആസ്തിയും അതിനോട് അനുബന്ധിച്ചുള്ള എടുപ്പുകളും ഉൾപ്പെടെ വിജ്ഞാപന തീയതിക്ക് ശേഷം പൂർത്തിയാകുന്നതോ നിർമ്മാണം ആരംഭിക്കുന്നതോ ആയ വകകൾ.

42. പുന: ചംക്രമണം

നഗരമാലിന്യം ജൈവവിഘടിതമാക്കാത്ത വേർതിരിച്ചെടുത്ത പുതിയ ഉൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള അസംസ്കൃത പദാർത്ഥങ്ങളായോ ഹിതകരവും പരിസ്ഥിതിക്കിണങ്ങിയതുമായ ആവർത്തിച്ച് ഉപയോഗത്തിന് ഉതകുന്ന ഉൽപ്പന്നങ്ങളോ ഉപാധികളോ അവയുടെ ഘടകങ്ങളോ ആയി രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയ. ഇത്തരം ഉൽപ്പന്നങ്ങൾക്കോ ഉപാധികൾക്കോ മൂലഉൽപ്പന്നത്തോടും ഉപാധിയോടെ സാമ്യമോ സാദൃശ്യമോ ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ആകാം.

43. പുനരുപയോഗം

നഗര മാലിന്യങ്ങളിൽ നിന്ന് പുന: ചംക്രമണം നടത്തിക്കിട്ടുന്ന ഉൽപ്പന്നങ്ങളോ ഉപാധികളോ അവയുടെ ഘടകങ്ങളോ ആവർത്തിച്ച് ഉപയോഗപ്രദമാക്കുന്നത്.

44. പൊതുസ്ഥലം

പൊതുജനങ്ങളുടെ പ്രവേശം, വിനിയോഗം, പെരുമാറ്റം എന്നിവയ്ക്ക് ഉതകുന്നതും, പൊതു നിയന്ത്രണത്തിലുള്ളതുമായ സ്ഥലങ്ങൾ, കെട്ടിടങ്ങൾ, നിരത്തുകൾ, എടുപ്പുകൾ, സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ, പുറംപോക്ക് ഭൂമി ഇതിൽ ഉൾപ്പെടുന്നതായിരിക്കും.

45. പൊതുജനങ്ങൾ

നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന പൗരസമൂഹം.

46. പൊതുസ്ഥലത്ത് തടസ്സം

പൊതുജനങ്ങളുടെ സുഗമവും, സുസ്ഥിരവും സ്വസ്ഥവുമായ വിനിയോഗം തടസ്സപ്പെടുത്തുംവിധം പൊതുസ്ഥലത്ത് കുളിക്കുക, തുപ്പുക, മലമൂത്ര വിസർജ്ജനം നടത്തുക, കന്നുകാലികളെ കുളിപ്പിക്കുക, മൃഗങ്ങളെയോ പക്ഷികളേയോ തീറ്റുക തുടങ്ങിയ പ്രവൃത്തി ചെയ്യുക.

47. പൊതുസ്ഥലത്ത് മലിനീകരണം

ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ സ്വകാര്യ ഇടത്ത് ഉടമയോ കൈവശക്കാരോ പൊതുസ്ഥലത്ത് ഖര ദ്രവ വാതക രുപത്തിലുള്ളതും അസഹനീയമോ അപായകരമോ അസ്വസ്ഥതയുളവാക്കുന്നതോ ആയ രുപത്തിലുള്ളതോ വകകളോ വസ്തുക്കളോ നിക്ഷേപിക്കുകയോ ശേഖരിക്കുകയോ സുക്ഷിക്കുകയോ ചെയ്യുകയോ അപ്രകാരം സംഭവിക്കാൻ ഇടയാവുകയോ ആയിട്ടുള്ള പ്രവൃത്തി

48. പൊതുനിരത്ത്

നടപ്പാത, നടപ്പാതയുടെ ഓരങ്ങൾ, ഓടകളും അവയുടെ ഉപതലവും വശങ്ങളും, പൊതുവഴികളുടെ പരിസരവും പൊതുസ്ഥലങ്ങളുടെ സമീപവശങ്ങളും ഉൾപ്പടെ പൊതുജനങ്ങൾക്ക് പെരുമാറാനുതകുന്ന വഴിത്താര.

49. വാർഡ്

ഭരണപരമായ നടത്തിപ്പിന് വേണ്ടി നഗരസഭയെ നിയോജകമണ്ഡലങ്ങളായി വിഭജിച്ചിട്ടുള്ളതിൽ നിശ്ചിത ഭൂപരിധിക്കുള്ളിൽ ഉൾപ്പെടുന്ന പ്രദേശം. ഇപ്രകാരം നിർണ്ണയിക്കപ്പെട്ട പ്രദേശത്തെ വോട്ടർമാരുടെ പൊതുജനാധിപത്യ വേദിയെ വാർഡ്സഭയെന്ന് അർത്ഥമാക്കുന്നു.

50. വാർഡ് ഓഫീസ്

തിരുവനന്തപുരം നഗരസഭയിലെ നിയുക്ത ഹെൽത്ത് ഇൻസ്പെക്ടർ ചുമതലക്കാരായി പ്രവർത്തിക്കുന്ന വാർഡ് തല ഓഫീസ്

51. വാർഷിക ലക്ഷ്യം

നഗരമാലിന്യ -പരിപാലന - സംസ്കരണ -നിർമ്മാർജ്ജനത്തിനും അനുബന്ധ നടപടികൾക്കുമായി വർഷാ വർഷം മാർഗ്ഗരേഖകൾക്കും നിയമ-ചട്ട വ്യവസ്ഥകകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി നഗരസഭ മുൻവയ്ക്കുന്ന ലക്ഷ്യം

52. വാർഷിക റിപ്പോർട്ട്

നഗര മാലിന്യ പരിപാലന - സംസ്ക്കരണ - നിർമ്മാർജ്ജന നടപടികൾ സംബന്ധിച്ച് നഗരസഭ അധികൃതമാക്കുന്ന വിധം വാർഡ്-നഗരസഭാ സ്റ്റാന്റിംഗ് കമ്മറ്റി - സഗരസഭാ സമിതി തലങ്ങളിൽ തയ്യാറാക്കി ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്ന നിർവ്വഹണ - നിരീക്ഷണ - അവലോകന - പരിഷ്കരണ ഘടകങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട്.

53. വ്യക്തി

നിയാമകമോ പ്രകൃതി സിദ്ധമോ ആയ വ്യക്തി, സ്ഥാപനം സംഘം, സംഘടന കമ്പനി, സംയുക്ത സംരംഭം എന്നിവയോ അവയുടെ പ്രതിനിധിയോ എന്ന് അർത്ഥമാക്കുന്നു

54. മാലിന്യങ്ങൾ

വിസർജ്ജ്യങ്ങൾ, ചീഞ്ഞതും ചീയിക്കുന്നതുമായ വസ്തുക്കൾ, അഴുക്ക് വെള്ളം എന്നിവയും നിർദ്ദിഷ്ട രീതിയിൽ നീക്കം ചെയ്യപ്പെടാത്ത പക്ഷം ആരോഗ്യത്തിനും ജീവനും ഹാനികരമാകുന്ന വസ്തുക്കളടക്കം നഗരസഭാ പരിധിയിലെ വീടുകൾ, പാർപ്പിട സമുച്ചയങ്ങൾ, വാണിജ്യ-വ്യാപാര-സ്ഥാപനങ്ങൾ/ചന്തകൾ, സർക്കാർ-സ്വകാര്യ സേവനകേന്ദ്രങ്ങൾ/അവയുടെ ഭാഗങ്ങൾ, എടുപ്പുകൾ, കുടിലുകൾ, താൽക്കാലിക ഷെഡ്ഡുകൾ/ മറ്റ് പ്രവർത്തനശാലകൾ/ പണ്ടകശാലകൾ ചന്തസ്ഥലങ്ങൾ, ഉത്സവസ്ഥലങ്ങൾ, മേളകൾ, ആശുപത്രികൾ തുടങ്ങിയവയിൽ നിന്ന് ഉണ്ടാകുന്നതോ എത്തിപ്പെടുന്നതോ ആയതും നഗരപരിധിക്കുള്ളിൽ സമാഹരിക്കപ്പെടുന്നതും സഞ്ചയിക്കപ്പെടുന്നതുമായ മാലിന്യങ്ങൾ

55. മലിനീകാരകർ

നഗരമാലിന്യം ഉണ്ടാകുന്നതിന് ഇടയാക്കുകയോ സൂക്ഷിക്കുകയോ ചെയ്യുക വഴി സമീപസ്ഥ ജന്തു-ജീവി ജാലങ്ങൾക്ക് അസ്വസ്ഥതയോ അസഹ്യതയോ, ശല്യമോ ഉണ്ടാകുന്നതിന് ഇടയാക്കുകയോ ചെയ്യുന്നവർ

56. മാലിന്യങ്ങൽ വലിച്ചെറിയുക

നഗരസഭ നിർണ്ണയിച്ച് നിർദ്ദേശിക്കുന്ന ഇടങ്ങളിലോ സംഭരണികളിലോ അല്ലാതെ പൊതു സ്ഥലത്തോ സ്വകാര്യപരിസരങ്ങളിലോ മാലിന്യങ്ങൾ ഉണ്ടാകുന്നതിനോ നിക്ഷേപിക്കുന്നതിനോ നിലനിൽക്കുന്നതിനോ ഇടയാക്കുക

57. മാലിന്യസ്രോതസ്സ്

നഗരപരിധിയിൽ നിർവ്വചിക്കപ്പെട്ട വിധമുള്ള മാലിന്യങ്ങൾ ഉണ്ടാകുകയോ ശേഖരിക്കപ്പെടുകയോ ചെയ്യുന്ന ഇടം

58. മാലിന്യങ്ങൾ വേർതിരിക്കൽ

ജൈവ മാലിന്യങ്ങൾ, ജൈവേതര മാലിന്യങ്ങൾ, ചികിത്സാ മാലിന്യങ്ങൽ, അപായകരമായ മാലിന്യങ്ങൾ, തുടങ്ങിയവ സ്വഭാവത്തിനും ഗുണത്തിനും പ്രത്യാഘാതത്തിനും അനുസൃതമായി വേർതിരിക്കുക

59. മാലിന്യസംഭരണം

വിവിധ നഗരമാലിന്യങ്ങൾ വേർതിരിച്ച് സമാഹരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള മാർഗ്ഗവും ഉപാധികളും അവയുടെനടത്തിപ്പും ഉൾപ്പെടുന്ന നടപടികൾ

60. മാലിന്യശേഖരണം

നിർദ്ദിഷ്ട രീതിയിൽ നഗര മാലിന്യങ്ങൾ സംഭരണികളിൽ നിന്നും സൂക്ഷിപ്പ് കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന നടപടി നഗരസഭ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച് പ്രഖ്യാപിക്കുന്ന കേന്ദ്രങ്ങളിൽ നിന്ന് ശേഖരണം നിർവ്വഹിക്കപ്പെടുന്നതാണ് ഉറവിടത്തിൽ നിന്ന് നേരിട്ടോ, നിർവ്വഹിക്കപ്പെടുന്നതാണ് ഉറവിടത്തിൽ നിന്ന് നേരിട്ടോ പ്രാദേശിക കേന്ദ്രങ്ങളിലോ മാലിന്യം ശേഖരിക്കുന്നത് ഇതിൽപ്പെടും

61. മാലിന്യ പരിവഹണം

നിർദ്ദിഷ്ട രീതിയിൽ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ നിന്ന് നഗരമാലിന്യങ്ങൾ ഏറ്റെടുത്ത് സംസ്ക്കരണ സ്ഥലത്ത് എത്തിക്കുന്ന നടപടി

62. മാലിന്യ സംസ്ക്കരണം

നഗരമാലിന്യങ്ങൾ ശാസ്ത്രീയവും പരിസ്ഥിതിക്കിണങ്ങിയതുമായ വിധത്തിൽ രൂപാന്തരപ്പെടുത്തി ജൈവാവശിഷ്ടങ്ങൾ പുനചംക്രമണ വസ്തുക്കൾ ഭൂമി നികത്തൽ തുടങ്ങിയവയുടെ രൂപത്തിൽ മാറ്റുന്നതിമുള്ള പ്രക്രിയ

63. വൻകിട മാലിന്യ ഉല്പാദകർ

നിശ്ചിത എണ്ണത്തിലേറെ പാർപ്പിടങ്ങൾ ഉൾപ്പെടുന്ന സമുച്ചയങ്ങൾ, നിശ്ചിത പദവിയിലും ഉയർന്ന തലത്തിലുള്ള ഹോട്ടൽ-വ്യാപാര-വാണിജ്യ സഞ്ചിതകേന്ദ്രങ്ങൾ, ഓഫീസ് സ്ഥാപനസമുച്ചയങ്ങൾ, വിവാഹ-വിനോദ-പ്രദർശന സമുച്ചയങ്ങൾ തുടങ്ങി നിർണ്ണയിക്കപ്പെടുന്ന അളവിൽ അധികം നഗരമാലിന്യങ്ങൾ ഉണ്ടാക്കാൻ ഇടയാക്കുന്നവർ.

64. വളം നിർമ്മാണം

ജൈവവള സൂക്ഷ്മാണുക്കളുടെ സഹായത്തോടെ ജൈവമാലിന്യ വളമാക്കി മാറ്റുന്നതും കമ്പോസ്റ്റിംഗ് ഉൾപ്പെടെ ഉപാധികൾ ഉൾകൊള്ളുന്നതുമായ രീതി.

65. മാലിന്യ നിർമ്മാർജ്ജനം

പുനഃചംക്രമണം. പുനരുപയോഗം, എന്നിവ ഉപയോഗിച്ച് ശാസ്ത്രീയവും പരിസ്ഥിതിക്കിണങ്ങിയതുമായ മറ്റ മാർഗ്ഗങ്ങളിലൂടെയും നഗരമാലിന്യം കൈയൊഴിക്കുന്ന നടപടി.

66. ജൈവവാതക ഉല്പാദനം

സൂക്ഷ്മാണുക്കളെ ഉപയോഗിച്ച് ജൈവമാലിന്യ പദാർത്ഥങ്ങൾ വിഘടിപ്പിച്ച് ജൈവവാതകങ്ങൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയ

67. ബയോ-മെഡിക്കൽ മാലിന്യം

ആശുപത്രികളിൽ ചികിത്സ, പ്രതിരോധ നടപടി, ശസ്ത്രക്രിയ എന്നിവയുടെ ഫലമായി രൂപപ്പെടുന്നതും പുറം തള്ളുന്നതുമായ അപായകാരികളായ മാലിന്യങ്ങൾ.

68. ഡെലിവറി

നഗരമാലിന്യങ്ങൾ നിശ്ചിതരീതിയിൽ നിയുക്ത ഇടങ്ങളിൽ നിർദ്ദിഷ്ടവ്യക്തി/ ഏജൻസി എന്നിവയ്ക്ക് കൈമാറുന്നതോ, ആയതിലേക്ക് നിർദ്ദേശിക്കപ്പെട്ട വാഹനങ്ങളിലോ ഉപാധികളിലോ നിക്ഷേപിക്കുന്നതോ ആയ കൃത്യം

69. ഡ്രൈ വേസ്റ്റ്

വിജ്ഞാപനത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ഉള്ള ഖരമാലിന്യ വിഭാഗത്തിൽ ഉൾപ്പെടുന്ന മാലിന്യങ്ങൾ

70. ഡ്രൈ വേസ്റ്റ് തരംതിരിവ് സ്ഥലം

നഗരസഭയോ, സർക്കാരോ നിയുക്തമാക്കുന്ന ഭൂമിയിലോ, ഡ്രൈ വേസ്റ്റ് തരംതിരിക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള പെട്ടികൾ, ഷെഡ്ഡുകൾ, ഇടങ്ങൾ എന്നിവ.

71. ഹെൽത്ത് ഇൻസ്പെക്ടർ.

നഗരമാലിന്യ പരിശോധന, നിയന്ത്രണം എന്നിവയ്ക്കായി നഗരസഭ ഭരമേല്പിച്ച് നിയമിക്കുന്ന ഉദ്യോഗസ്ഥൻ/ജീവനക്കാർ

72. ഹെൽത്ത് ഓഫീസർ.

നഗരമാലിന്യ നിയന്ത്രണം നിരോധനം, നിയമ നടപടിപാലിക്കൽ എന്നിവയ്ക്കായി നഗരസഭ ഭരമേല്പിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ, നഗരമാലിന്യ പരിപാലന കാര്യദർശിയായിരിക്കും ഹെൽത്ത് ഓഫീസർ.

73. ശുചിത്വ നഗര മേഖല

സുസ്ഥിര ശുചിത്വ പരിപാലനത്തിനുള്ള ജനകീയ പരിപാടിയുടെ ഭാഗമായി നഗരസഭ നിർണ്ണയിക്കുന്നതും ജനപ്രതിനിധി, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, സാങ്കേതിക വിദഗ്ദർ, തുടങ്ങിയവർ ഉൾകൊള്ളുന്ന ശുചിത്വ നഗരപരിപാലന സമിതിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നതുമായ പ്രഖ്യാപിത പ്രദേശം.

74. മുന്നറിവ്

വിജ്ഞാപനത്തിന്റെപരിചയപ്പെടലിനും, സ്വാംശീകരണത്തിനുമായി പട്ടികപ്പെടുത്തിയ പ്രകാരമുള്ള നഗരമാലിന്യപരിപാലനം സംബന്ധിച്ച മുന്നറിയിപ്പ്, ഇത് സംബന്ധിച്ച് അനുവദിക്കുന്ന പ്രത്യേക കാലയളവിന് മുന്നറിവ് കാലം എന്ന് പറയുന്നു. ഈ കാലയളവിൽ വിജ്ഞാപന വ്യവസ്ഥകളുടെ ലംഘനത്തിന് ഒടുക്കേണ്ടതായ പിഴശിക്ഷയിൽ നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ ഇളവ് അനുവദിക്കാൻ നഗരസഭയ്ക്ക് അഥവാ അധികൃതമാക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കും.

75. സാനിട്ടറി ലാന്റ് ഫിൽ

നഗരഖരമാലിന്യങ്ങൾ സംസ്ക്കരിച്ച ശേഷമുള്ള പുനരുപയോഗത്തിനോ, പുന ചംക്രമണത്തിനോ സാധ്യമാകാത്ത അവശിഷ്ടങ്ങൾ സുരക്ഷിതമായും ശാസ്ത്രീയമായും പരിസ്ഥിതിക്കിണങ്ങിയ വിധത്തിലും നിക്ഷേപിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ പരിപാലിക്കുന്നതിനുമുള്ള സംവിധാനമാണ് സാനിട്ടറി

ലാന്റ് ഫിൽ. ഭൗമോപരിതലത്തിലെ ജലം, ഭൂഗർഭജലം, വായു തുടങ്ങിയവ മലിനപ്പെടാതെയും തീപ്പിടിക്കാനോ പൊട്ടിത്തെറിക്കാനോ ഇടയില്ലാത്ത വിധവും പൊടിപടലങ്ങൾ, വെള്ളക്കെട്ട്, ദുർഗന്ധം, മണ്ണൊലിപ്പ്, പക്ഷി മൃഗാദി ക്ഷുദ്രജന്തുക്കളുടെ ശല്യം, സമീപസ്ഥർക്ക് അസ്വസ്ഥത എന്നിവ ഉണ്ടാകാത്തതരത്തിലും ഹരിതഗൃഹ വാതകങ്ങളും അനിഷ്ടവാതകങ്ങളും ഉത്സർജ്ജിക്കാത്ത വിധവും വേണം ഇത്തരം സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടത്.

76. ക്യാപ്പിംഗ്

നിർണ്ണയിക്കപ്പെടുന്ന വിധം സംസ്ക്കരിക്കപ്പെടാത്തതോ, നിർണ്ണയിക്കപ്പെട്ട വിധത്തിൽ സംസ്ക്കരിച്ച ശേഷം ഉണ്ടാകുന്ന അവശിഷ്ടമോ തദ്ദേശപരിസ്ഥിതിക്ക് ഹാനികരമാവാത്ത വിധത്തിലും സമീപവാസികൾക്ക് അപകടകരമോ അസ്വാസ്ഥ്യജനകമോ ആകാത്ത വിധത്തിലും ശാസ്ത്രീയമായി മറവ് ചെയ്യുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ പരിപാലിക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണം.

77. ടെക്നിക്കൽ ഓഫീസർ.

നഗരമാലിന്യപരിപാലന-സംസ്ക്കരണ-നിർമ്മാർജ്ജന വിജ്ഞാപനവും ബന്ധപ്പെട്ട നിയമചട്ടങ്ങളും പ്രാബല്യത്തിൽ വരുത്തുന്നതിനും നിർവ്വഹണ നിരീക്ഷണവും സാങ്കേതിക മേൽനോട്ടവും പിഴ നിർണ്ണയിക്കാനുള്ള ഉത്തരവാദിത്വവും ഭാരമേല്പിച്ചു കൊണ്ട് നഗരസഭ/സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ.

78. സെസ്സ്/ചാർജ്ജ്/ നിരക്ക്/ ഫീസ്

നഗരമാലിന്യപരിപാലന-സംസ്ക്കരണ-നിർമ്മാർജ്ജന നടപടികളുടെ വിജയകരമായ നടത്തിപ്പിനും റവന്യൂ കണ്ടെത്തുന്നതിലേക്ക് മലിനീകാരകർ, പൗരർ എന്നിവരിൽ നിലവിലുള്ള നിയമ ചട്ടങ്ങൾക്ക് വിരുദ്ധമാകാത്ത വിധത്തിലും സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനും അനുരോധമായും നഗരസഭ നിർണ്ണിച്ച് ഏർപ്പെടുത്തുന്നതായ സെസ്സ്/ചാർജ്ജ്/ നിരക്ക്/ ഫീസ് എന്ന് അർത്ഥമാക്കുന്നു.

79. പൗരശുചിത്വസംഘങ്ങൾ(സിറ്റിസൺ ക്ലീൻലിനെസ്സ് ടീം-സി.സി.ടി)

നഗരസഭയുടെ തീരുമാന പ്രകാര നഗരമാലിന്യ പരിപാലന-സംസ്ക്കരണ -നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ പ്രചാരണം, നടത്തിപ്പ് , നിരീക്ഷണം, റിപ്പോർട്ട് തയ്യാറാക്കൽ , ബോധവല്ക്കരണം, പശ്ചാത്തല രൂപീകരണം, പരിശീലനം തുടങ്ങിയവ നിർവഹിക്കുന്നതിനായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ-സാമൂഹ്യ പ്രവർത്തകരുടെ പിന്തുണയോടെ രൂപപ്പെടുത്തുന്ന പൗര ശുചിത്വ സംഘങ്ങൾ.

80. പ്രാദേശിക പൗര സമിതികൾ( റസിഡന്റ്സ് അസോസിയോഷനുകൾ)

നഗരസഭാ പരിധിയിൽ സ്ഥിരമായോ, താല്ക്കാലികമായോ താമസിക്കുന്നവരുടെ പ്രാദേശിക കൂട്ടായ്മകൾ, രജിസ്റ്റർ ചെയ്തതോ അല്ലാത്തതോ ആയ റസിഡന്റ്സ് അസോസിയേഷനുകൾ നഗരസഭയിൽ അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതും അവയ്ക്ക് നമ്പർ നല്കിയിരിക്കേണ്ടതുമാണ്. നഗരമാലിന്യപരിപാലന- സംസ്ക്കരണ -നിർമ്മാർജ്ജന പദ്ധതിയിൽ അസോസിയേഷൻ ഒരു ഗുണഭോക്തൃ കക്ഷിയായിരിക്കും.

81. പ്ലാസ്റ്റിക്ക് മാലിന്യം

നിരോധിതമോ അനുവദനീയമല്ലാത്തതോ ആയ പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ,അത്തരം ഉല്പ്പന്ന അവശിഷ്ടങ്ങൾ, അവയുടെ പരിണിത രൂപങ്ങൾ ഉപാധികൾ എന്നിവയുൾപ്പടെയുള്ള മാലിന്യം

82.സന്നദ്ധ ശുചീകരണ പ്രവർത്തകർ (വോളന്റിസാനിട്ടേഷൻ വർക്കർ–വി.എസ്.ഡബ്ല്യൂ)

നഗരഖരമാലിന്യ പരിപാലനാർത്ഥം നഗരസഭ നിയോഗിക്കുന്ന അംഗീകൃത സന്നദ്ധ ശുചീകരണ പ്രവർത്തകർ അഥവാ ഇതിലേക്കായി നിയുക്തമാക്കപ്പെടുന്ന അംഗീകൃത ഏജൻസി നഗരസഭയുടെ അംഗീകാരത്തോടെ നിയോഗിക്കുന്ന ശുചീകരണ പ്രവർത്തകർ

83.സന്നദ്ധ/സാമൂഹ്യ സംഘങ്ങൾ (എൻ.ജി.ഓ./സി.ബി.ഓ)

നഗരസഭാ പരിധിയിൽ/ പ്രവർത്തിക്കുന്ന സന്നദ്ധ/സാമൂഹ്യ സർക്കാരിതര സംഘടനകൾ

84.സാങ്കേതിക ഉപദേശക സമിതി (ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി–ടി.എ.സി.)

നഗരമാലിന്യപരിപാലന–സംസ്ക്കരണ നിർമ്മാർജ്ജന പ്രക്രിയയുടെ ആസൂത്രണം–നടത്തിപ്പ്–അവലോകനം–പരിഷ്ക്കരണം–വിപുലീകരണംഎന്നിവയിൽ വിദഗ്ദ്ധ ഉപദേശം ലഭ്യമാക്കാൻ ശേഷിയുള്ളതും ബന്ധപ്പെട്ട രംഗങ്ങളിലെ വിദഗ്ദ്ധർ അടങ്ങുന്നതുമായ സമിതി.

85.ശുചിത്വ മേഖല

നഗരസഭയുടെ പ്രമേയം അനുസരിച്ച് നഗരപരിധിയിൽപ്പെടുന്ന ഏതൊരു പ്രദേശവും പൂർണ്ണമായോ ഭാഗികമായോ മാലിന്യമുക്തമോ നിരോധിതമോ നിയന്ത്രിതമോ മേഖലയായി പ്രഖ്യാപിച്ച് പരിപാലിക്കുന്ന പ്രദേശം അഥവാ മാലിന്യരഹിത മേഖല.

86. ശുചിത്വ പരിപാലന നിധി

നഗര മാലിന്യ പരിപാലന–സംസ്ക്കരണ–നിർമ്മാർജ്ജന നിർവ്വഹണം മുൻനിർത്തി കേന്ദ്ര–സംസ്ഥാന–തദ്ദേശ ഭരണ വിഭവ വിഹിതമോ തനതു വിഭവമോ സംഭാവനകളോ പിഴ–ആവർത്തിത പിഴ–റവന്യൂ റിക്കവറി തുടങ്ങിയവയിലൂടെ വസൂലാക്കുന്ന വിഭവമോ ധനകാര്യ–വായ്പാ സ്ഥാപനങ്ങൾ വഴിയുള്ള വിഭവമോ ഉൾപ്പടെ ഉൾച്ചേർത്ത് നഗരസഭ വ്യവസ്ഥാപനം നടത്തി പരിപാലിച്ച് ചെലവഴിക്കാവുന്നതും കണക്കുകൾ സൂക്ഷിക്കപ്പെടാനും ഓഡിറ്റുകൾക്ക് വിധേയമാക്കപ്പെടാനും നഗരസഭക്ക് ഉത്തരവാദിത്വമുള്ളതുമായ സഞ്ചിത നിധി.

87. അപ്പീൽ കമ്മറ്റി

ഈ ഉപനിയമാവലി നടത്തിപ്പുമായി ബന്ധപ്പെട്ട അപ്പീലുകൾ തീർപ്പാക്കാൻ നിയുക്തമായി രൂപീകരിക്കപ്പെടുന്ന കമ്മറ്റി

## 4. മാലിന്യ നിരോധന നടപടി

(1) നഗരപരിധിയിലെ ഭൂപ്രദേശം പൂർണ്ണമായോ ഭാഗികമായോ ശുചിത്വമേഖലയെന്നോ മാലിന്യരഹിത മേഖലയെന്നോ പ്രഖ്യാപിക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

(2) ശുചിത്വമേഖല / മാലിന്യരഹിത മേഖലകളിൽ താമസക്കാരും കൈവശക്കാരും ഉടമകളും ഏതൊരു മാലിന്യങ്ങളും നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ പാടില്ലെന്ന് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(3) ശുചിത്വമേഖല / മാലിന്യരഹിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ ഖര-ദ്രവ മാലിന്യങ്ങളോ, ജലമോ, വിസർജ്ജ്യാവശിഷ്ടങ്ങളോ പൊതുസ്ഥലത്തോ പൊതുജല സ്രോതസ്സിലോ (പ്രകൃതിദത്തമോ മനുഷ്യ നിർമ്മിതമോ ആയത്) നിലവിലുള്ള നിയമ-ചട്ട വ്യവസ്ഥകൾക്ക് വിധേയമായും നഗരസഭാ വിജ്ഞാപനമനുസരിച്ച് മാത്രമേ നിക്ഷേപിക്കുകയോ ഒഴുക്കിവിടുകയോ ഉത്സർജിക്കുകയോ ചെയ്യാൻ പാടുള്ളൂ എന്ന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(4) നിർണ്ണയിക്കപ്പെട്ട ഇടങ്ങളിൽ അല്ലാതെ നഗര പരിധിയിലുള്ള പൊതുസ്ഥലങ്ങളിലോ നിരത്തുകളിലോ ജലസ്രോതസ്സുകളിലോ ഏതൊരാളും കുളിക്കുകയോ, തുപ്പുകയോ, വിസർജ്ജനം നടത്തുകയോ, വസ്ത്രം അലക്കുകയോ കന്നുകാലികളെ കുളിപ്പിക്കുകയോ, പക്ഷിമൃഗാദികളെ തീറ്റുകയോ വാഹനങ്ങൾ കഴുകുകയോ, പാത്രങ്ങൾ വൃത്തിയാക്കുകയോ സ്വകാര്യ പരിസരങ്ങളിലെ അഴുക്കുചാലിൽ നിന്നോ ഓവുചാലിൽ നിന്നോ മലിനജലം ഒഴുക്കിവിടുകയോ ചെയ്യുകവഴി മലിനീകരണത്തിന് ഇടയാക്കരുതെന്ന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(5) ശുചിത്വമേഖല / മാലിന്യരഹിത മേഖലയിലെ പൊതുനിരത്ത്, പൊതു കെട്ടിടങ്ങൾ, എടുപ്പുകൾ, അങ്കണങ്ങൾ, സ്വകാര്യ, പൊതുജല സ്രോതസ്സുകൾ എന്നിവ ഖര-ദ്രവ മാലിന്യമുക്തമായി പരിപ നിരോധിത മേഖലകളിൽ/ ഇടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതെയും സൂക്ഷിക്കാനും പൗരസമൂഹത്തെ ചുമതലപ്പെടുത്തി ഉത്തരവിടാനാകുന്നതാണ്.

(6) നിരോധിക്കപ്പെട്ടതോ അനുവദനീയമല്ലാത്തതോ ആയ പ്ലാസ്റ്റിക്ക് ഉൽപ്പാദനം, അത്തരം ഉപാധികളുടെ നിർമ്മാണം, ശേഖരണം, സംഭരണം, വിതരണം, വിൽപ്പന വിനിയോഗം അനുവദനീയമല്ലാത്തവിധമോ അലക്ഷ്യമായോ അത്തരം പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ എന്നിവ നിയന്ത്രിക്കാനും തടയാനും നടപടി സ്വീകരിക്കാവുന്നതാണ്

## 5. നഗര മാലിന്യങ്ങൾ വേർതിരിക്കൽ

ഏതൊരു മാലിന്യ ഉൽപ്പാദകർക്കും, തങ്ങൾ മുഖാന്തിരം ഉണ്ടാകുന്നതോ എത്തപ്പെടുന്നതോ ആയ മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടും വിധം തരംതിരിച്ച് പരിപാലിക്കാൻ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. അതിലേയ്ക്ക് ഉതകുന്ന സംഭരണികൾ ഉറപ്പാക്കുന്നതിനും വ്യവസ്ഥപ്പെടുത്താവുന്നതാണ്.

1. ഈർപ്പമുള്ള ജൈവ മാലിന്യങ്ങൾ.
2. അപകടകാരികളായ ഗാർഹിക മാലിന്യങ്ങൾ.
3. ജൈവ - ചികിത്സാ മാലിന്യങ്ങൾ.

4. നിർമ്മാണ– നശീകരണ മാലിന്യങ്ങൾ.

5. ഉദ്യാന–സസ്യ മാലിന്യങ്ങൾ.

6. ഈർപ്പരഹിത ജൈവേതര മാലിന്യങ്ങൾ (പുനരുപയുക്തവും, പുനരുപയോഗരഹിതവുമായവ).

7. ദ്രവ്യ മാലിന്യങ്ങൾ.

8. വായു– വാതക മാലിന്യങ്ങൾ.

9. ഇതരവിഭാഗം മാലിന്യങ്ങൾ.

## 6. <u>നഗരമാലിന്യ ശേഖരണവും, സംഭരണവും</u>

1. നഗര മാലിന്യങ്ങൾ വേർതിരിച്ച് പരസ്പരം കലരാൻ ഇടയാകാതെ, നിർണ്ണയിക്കപ്പെടുന്ന തരം സംഭരണികളിൽ ശേഖരിച്ച് മാലിന്യ ഉൽപ്പാദന സ്രോതസ്സിൽ തന്നെ സംഭരിച്ച് സൂക്ഷിക്കേണ്ടതും, യഥാസമയം സംഭരണ ചുമതലയുള്ള നിയുക്ത വ്യക്തികൾ/സംഘടനകൾ/ഏജൻസികൾ ഇവരിലാരെയെങ്കിലും ഏൽപ്പിക്കേണ്ടതുമാണ്.

2. ഇപ്രകാരം ഏൽപ്പിക്കുന്ന മാലിന്യങ്ങൾ യഥാക്രമം വേർതിരിച്ച് നൽകാതിരുന്നാൽ വിജ്ഞാപനത്തിന്റെ ലംഘനമായിക്കണ്ട് ശിക്ഷയോ പിഴയോ ഉൾപ്പെടെ പട്ടികപ്പെടുത്തപ്പെട്ട നടപടിക്ക് വിധേയമാക്കാവുന്നതാണ്.

3. മാലിന്യ ഉല്പാദകരെയോ മാലിന്യ സംഭരണ സ്ഥലത്തിന്റെയോ മാലിന്യ സ്രോതസ്സിന്റെ ഉടമയേയോ കൈവശക്കാരെയോ മാലിന്യ നിക്ഷേപകരെയോ ഇപ്രകാരമുള്ള നടപടിയ്ക്ക് വിധേയരാക്കാവുന്നതാണ്. ആവർത്തിത കുറ്റങ്ങൾക്ക് അധിക ശിക്ഷ–പിഴ ഏർപ്പെടുത്താവുന്നതാണ്.

4. മാലിന്യ ശേഖരണം, സംഭരണം എന്നിവയ്ക്ക് ആവശ്യമായ സംഭരണികൾ, പാത്രങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ മാലിന്യ സംഭരണത്തിനും സൂക്ഷിപ്പിനുമുള്ള രീതികൾ, മാലിന്യ പരിവഹണ ഉപാധികൾ, അവയുടെ ശാസ്ത്ര–സാങ്കേതിക മാനദണ്ഡങ്ങൾ നടത്തിപ്പ് ക്രമങ്ങൾ, അളവുകൾ, നിറങ്ങൾ, സമയക്രമീകരണം തുടങ്ങിയവ നഗരസഭയുടെ കാലാകാലമുള്ള തീരുമാനവും വിജ്ഞാപനവും അനുസരിച്ചായിരിക്കും.

5. ജൈവ മാലിന്യങ്ങൾ അതത് മാലിന്യ ഉൽപ്പാദകർ വിശേഷിച്ച് മാലിന്യ സംസ്ക്കരണ സംവിധാനം സ്വന്തം നിലയ്ക്ക് ഏർപ്പെടുത്താൻ സ്ഥലമില്ലാത്ത വ്യക്തികൾ, വീട്ടുടമകൾ, കെട്ടിട ഉടമകൾ, കൈവശക്കാർ, സ്ഥാപനാധികാരികൾ, ആശുപത്രികൾ, വ്യാപാര സ്ഥാപനങ്ങൾ, ചെറുകിട ഹോട്ടലുകൾ തുടങ്ങിയവർ അവടങ്ങളിലെ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനായി നഗരസഭ നിർദ്ദേശിക്കുന്നതോ നൽകുന്നതോ ആയ വിധത്തിലുള്ള സംഭരണികളിൽ യഥാവിധി സൂക്ഷിക്കുകയും പരസ്പരം കലരാതെ അവ ശേഖരിക്കുന്നതിന് നിയോഗിച്ചിട്ടുള്ളവർക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.

6. മാലിന്യ സംഭരണ സംവിധാനത്തിന്റെ നടത്തിപ്പിന് നഗരസഭ കാലാകാലം നിശ്ചയിക്കുന്ന നിരക്കിലുള്ള തുക ഗുണഭോക്താക്കൾ ഒടുക്കേണ്ടതാണ്.

7. വൻകിട മാലിന്യ ഉൽപ്പാദകർ സ്വന്തം നിലയിൽ അതത് ഇടങ്ങളിൽ മാലിന്യ പരിപാലന - സംസ്ക്കരണ സംവിധാനം ശാസ്ത്രീയവും, പരിസ്ഥിതിക്കിണങ്ങിയതും നഗരസഭ നിഷ്ക്കർഷിക്കുന്നതുമായവിധം ഏർപ്പെടുത്തിയിരിക്കേണ്ടതും മുടക്കം കൂടാതെ പരിപാലിച്ച് പ്രവർത്തിപ്പിക്കേണ്ടതുമാണ്. ഇതനുസരിച്ച് ഇത്തരം സ്ഥാപനങ്ങൽക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള അടിസ്ഥാന മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും നിർദ്ദിഷ്ട മാലിന്യ പരിപാലന-സംസ്ക്കരണ സംവിധാനം.

8. നിലവിലുള്ള വൻകിട മാലിന്യ ഉൽപ്പാദകർ വിജ്ഞാപനം നിലവിൽവന്ന് 6 മാസത്തിനുള്ളിലും പുതിയ സ്ഥാപനങ്ങൾ അവ വ്യവസ്ഥാപിതമാകുന്ന മുറയ്ക്കും, നിർദ്ദിഷ്ട വ്യവസ്ഥയനുസരിച്ചുള്ള മാലിന്യ പരിപാലന-സംസ്ക്കരണ സംവിധാനം സ്വന്തം നിലയിലും ഉത്തരവാദിത്വത്തിലും നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്തപക്ഷം ഈ വിജ്ഞാപനത്തിന്റെ ലംഘനമായിക്കണ്ട് പിഴശിക്ഷ ഏർപ്പെടുത്താനോ സ്ഥാപനത്തിന്റെ പ്രവർത്തനാനുമതി നിഷേധിക്കാനോ നഗരസഭയ്ക്ക് യഥാവിധി അധികാരമുണ്ടായിരിക്കും.

9. സ്ഥലപരിമിതി മൂലം ഉല്പാദന സ്രോതസ്സിൽ തന്നെ മാലിന്യ പരിപാലന - സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നത് അപ്രായോഗികമാണെന്ന് ബോധ്യപ്പെട്ടാൽ ബദൽ സൗകര്യങ്ങൾ കാര്യകാരണ സഹിതം ശാസ്ത്രീയമായി പരിഗണിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ചുകൊണ്ട് അനുമതി നൽകാനും പ്രാബല്യം വരുത്താനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

10. ചട്ടങ്ങൾ യഥാവിധി പാലിച്ച് നടപ്പാക്കുന്നവർക്ക് നിരക്കുകളോ പ്രോത്സാഹന സൗജന്യമോ അനുവദിക്കാൻ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കും.

11. ജൈവേതര മാലിന്യങ്ങൾ, ജൈവ വിഘടിത സ്ഥിരമാലിന്യങ്ങൾ എന്നിവ പുനരുപയോഗക്ഷമവും അല്ലാത്തതും പ്രത്യേകമായി വേർതിരിച്ച് നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കുകയും, വീട്ടുകാർ, സ്ഥാപനങ്ങൾ, വൻകിട മാലിന്യ ഉൽപാദകർ തുടങ്ങിയവർ ആയത് നഗരസഭ നിശ്ചയിച്ച് പ്രസിദ്ധം ചെയ്യുന്ന ക്രമത്തിന് ആഴ്ചതോറും, നിർണ്ണയിക്കപ്പെട്ട ദിവസം, നിർണ്ണയിക്കപ്പെട്ട രീതിയിൽ, നിർദ്ദിഷ്ട ജീവനക്കാർക്ക്/ഏജൻസികൾക്ക് പ്രത്യേകമായി കൈമാറുകയും ചെയ്യാൻ ബാധ്യസ്ഥമായിരിക്കും.

12. ജൈവേതര - വിഘടിത സ്ഥിരമാലിന്യങ്ങൾ നിർദ്ദിഷ്ട രീതിയിൽ സംഭരിച്ച് കയ്യൊഴിക്കുന്നതിനും ആയതിന് ഉതകുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനും യഥാകാലം വിപുലീകരിച്ച് പരിഷ്ക്കരിച്ച് പുനക്രമീകരിക്കുന്നതിനും നഗരസഭയ്ക്ക് ഉത്തരവാദിത്വമുണ്ടായിരിക്കും.

13. ജൈവ - ചികിത്സാ മാലിന്യങ്ങൾ അപകടകാരികളായ ആശുപത്രി മാലിന്യങ്ങൾ എന്നിവ പ്രത്യേകം വേർതിരിച്ച് കൂടിക്കലരാതെ ശേഖരിക്കാനും സൂക്ഷിക്കാനും ആശുപത്രികളുടെയും ആരോഗ്യസ്ഥാപനങ്ങളുടെയും നടത്തിപ്പുകാർ ബാധ്യസ്ഥരായിരിക്കും. അവ പൂർണ്ണമായും അപകട വിമുക്തമാക്കി നിർണ്ണയിക്കപ്പെട്ട ശാസ്ത്രീയവും പരിസ്ഥിതിക്കിണങ്ങിയതുമായ മാർഗ്ഗത്തിൽ നിർമാർജ്ജനം ചെയ്യുന്നതിന് സ്ഥാപനം നടത്തിപ്പുകാർ ബാധ്യസ്ഥരായിരിക്കും. വിജ്ഞാപനം നിലവിൽ വരുമ്പോൾ പ്രവർത്തനത്തിലുള്ള സ്ഥാപനങ്ങൾ പരമാവധി 6 മാസത്തിനകം സ്വന്തം നിലയ്ക്കോ ആവക സംവിധാനം ഒരുക്കുന്നതിന് പ്രാപ്തമായ ഇതര ഏജൻസികൾ വഴിക്കോ ഇതിനായുള്ള സംവിധാനം ഏർപ്പെടുത്തി

പ്രവർത്തിപ്പിക്കേണ്ടതും പാലിക്കേണ്ടതുമാണ്. പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് ഇപ്രകാരമുള്ള സംവിധാനം ഉറപ്പ് വരുത്തിക്കൊണ്ട് മാത്രം പ്രവർത്തനാനുമതി തേടാവുന്നതാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് വിജ്ഞാപന വ്യവസ്ഥയുടെ ലംഘനം കണക്കിലെടുത്ത് പിഴ ശിക്ഷ ഏർപ്പെടുത്താനോ അനുമതി പിൻവലിക്കാനോ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

14. നിർമ്മാണ – നശീകരണ മാലിന്യങ്ങൾ, ഓടകൾ, ചാലുകൾ, ജലാശയങ്ങൾ തുടങ്ങിയ വൃത്തിയാക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ തുടങ്ങിയവ അവയുടെ ഉല്പാദകർ അഥവാ അതിനിടയാക്കുന്നവർ തന്നെ നിർണ്ണയിക്കപ്പെടുന്ന വിധം വേർതിരിച്ച് സ്വന്തസ്ഥലത്തോ സ്വന്തമായി ഏർപ്പെടുത്തുന്ന ഇടത്തോ സൂക്ഷിക്കേണ്ടതും നഗരസഭ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ക്രമീകരണങ്ങൾ ഉപയോഗിച്ച് അവ നീക്കം ചേയ്യേണ്ടതുമാണ്. ആയതിന് നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ ഫീസ് ഏർപ്പെടുത്താൻ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കും.

15. ഉദ്യാന മാലിന്യങ്ങൾ – സസ്യാവശിഷ്ട മാലിന്യങ്ങൾ തുടങ്ങിയവ അവയുടെ ഉല്പാദകർ അഥവാ അതിനിടയാക്കുന്നവർ നിർണ്ണയിക്കപ്പെട്ട വിധം വേർതിരിച്ച് സൂക്ഷിക്കേണ്ടതും നഗരസഭ അഥവാ അധികൃതമാക്കുന്ന ഏജൻസി/ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ക്രമീകരണം ഉപയോഗിച്ച് നിർണ്ണയിക്കപ്പെട്ട വിധം ആയവ കൈയ്യൊഴിക്കുകയോ നീക്കം ചെയ്യുകയോ വേണ്ടതാണ്. അതിലേക്ക് നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

16. മാലിന്യ ശേഖരണം, സംഭരണം, പരിവഹണം എന്നിവയ്ക്ക് നഗരസഭ ഏർപ്പെടുത്തുന്ന പൊതുവായ – പ്രത്യേകമായ സൗകര്യമോ സംവിധാനമോ ഉപയോഗപ്പെടുത്താൻ നിർണ്ണയിക്കപ്പെടുന്ന വിധം മാലിന്യങ്ങൾ വേർതിരിച്ച് കൈമാറാനും പൗരർ, സ്ഥാപനങ്ങൾ, കൂട്ടുസംരംഭങ്ങൾ, കോർപ്പറേറ്റുകൾ, കമ്പനികൾ എന്നിവക്കെല്ലാം ബാദ്ധ്യത ഉണ്ടായിരിക്കും.

17. മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടുന്ന സ്ഥലത്തോ നിർണ്ണയിക്കപ്പെടുന്ന രീതിയിലോ പരിപാലിക്കുകയും കൈകാര്യം ചെയ്യുകയും അല്ലാതെ അലക്ഷ്യമായോ അശ്രദ്ധയോടെയോ ഇടുകയോ വലിച്ചെറിയുകയോ നിക്ഷേപിക്കുകയോ ആയതിലേതിലെങ്കിലും ഇടയാക്കുകയോ ചെയ്താൽ വിജ്ഞാപനത്തിന്റെ ലംഘനമായി കണ്ട് പൊതു സ്ഥലമോ സ്വകാര്യപരിസരമോ മലിനീകൃതമാക്കിയ കാരണത്താൽ തൽക്ഷണ പിഴ ഈടാക്കാനോ കുറ്റവിചാരണയ്ക്ക് വിധേയമാക്കി നിർണ്ണയിക്കപ്പെട്ട ശിക്ഷ ഏർപ്പെടുത്താനോ നഗരസഭയ്ക്കും അധികൃതമാക്കപ്പെട്ട ഉദ്യോഗസ്ഥർക്കും അധികാര മുണ്ടായിരിക്കും.

18. മാലിന്യങ്ങൾ പൊതു സ്ഥലത്തോ സ്വകാര്യ പരിസരങ്ങളിലോ ഇതിലേക്കായി ശാസ്ത്രീയവും പരിസ്ഥിതിക്കിണങ്ങിയതുമായ വിധത്തിലുള്ളതെന്ന് ഉറപ്പുവരുത്തി നിർണ്ണയിക്കുന്ന ഇൻസിനറേറ്റർ ഉൾപ്പെടെ സംവിധാനം ഉപയോഗിച്ച് പ്രത്യേക രീതിയിൽ മുൻകൂർ അനുമതിയോടെ കത്തിച്ചു കളയുകയല്ലാതെ തുറസ്സായോ പരസ്യമായോ അലക്ഷ്യമായോ അശ്രദ്ധയോടെയോ കത്തിക്കുന്നത് പാടില്ല. അപ്രകാരം ചെയ്യുന്നത് വിജ്ഞാപനത്തിന്റെ ലംഘനമായി കണ്ട് ആയത് തടയാനും നിഷേധത്തിനിടയായാൽ നിർണ്ണയിക്കപ്പെടുന്ന വിധം പിഴയോ ശിക്ഷയോ ഏർപ്പെടുത്താനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ സമീപവാസികൾക്ക് അസഹ്യമോ അസ്വാസ്ഥ്യകരമോ അപകടകരമോ അല്ലാത്ത

വിധം ഗാർഹിക മാലിന്യങ്ങൾ അവരവരുടെ വീട്ടുവളപ്പിൽ കത്തിച്ച് സംസ്ക്കരിക്കുന്നത് ഇപ്രകാരം കുറ്റകരമായി കരുതേണ്ടതില്ല.

19. മാലിന്യ സംഭരണം പരിവഹണം നിർമ്മാർജ്ജനം എന്നിവക്കായി നഗരസഭ ചുമതലപ്പെടുത്തിയ ജീവനക്കാരോ ഏജൻസിയോ അവർ ഏർപ്പെടുത്തിയ ജീവനക്കാരോ കരാർകാരോ വേർതിരിച്ച് ശേഖരിച്ച് നൽകുന്ന മാലിന്യങ്ങൾ സംഭരണ സമയത്തോ കൈമാറ്റ ഘട്ടത്തിലോ പരിവഹണത്തിനിടയ്ക്കോ കൂട്ടിക്കലർത്തി മിശ്രണം ചെയ്യുകയോ ആയതിന് ഇടയാക്കുകയോ നിശ്ചിത സമയം അനുശാസിക്കപ്പെടുന്ന വിധം മാലിന്യ സംഭരണവുംപരിവഹണവും നടത്താതിരിക്കുകയോ അതിനിടയാക്കുകയോ ചെയ്യുന്നത് വിജ്ഞാപന ത്തിന്റെയും സേവന വ്യവസ്ഥകളുടെയും ലംഘനമായി കരുതി നിർണ്ണയിക്കപ്പെടുന്ന പിഴയേർപ്പെടുത്താനോ ശിക്ഷാ നടപടികൾ സ്വീകരിക്കാനോ നഗരസഭയ്ക്ക് അഥവാ അധികൃതമാക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കും.

20. മുകളിൽ പ്രതിപാദിച്ച വ്യവസ്ഥകളുടെ ലംഘനമോ നിഷേധമോ നടത്തുന്നതും അതിനിടയാക്കുന്നതും കുറ്റകരമായ പ്രവർത്തിയായി കരുതി വിചാരണ വിധേയമാക്കാനും നിർണ്ണയിക്കപ്പെടുന്ന ശിക്ഷാക്രമത്തിന് വിധേയമാക്കാനും ആവർത്തിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾക്ക് നിർണ്ണയിക്കപ്പെടുന്ന അധിക ശിക്ഷ ഏർപ്പെടുത്താനും അനിവാര്യമായ ബദൽ നടപടികൾ ഏർപ്പെടുത്താനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

21. മാലിന്യ പരിപാലനം – സംസ്ക്കരണം – നിർമ്മാർജ്ജനം സംബന്ധിച്ച കോടതി നടപടികൾ ആവശ്യമായിവരുന്ന പക്ഷം ആയത് സത്വര നടപടിക്രമത്തിൽ പരിഗണിക്കപ്പെടാനും തീർപ്പാക്കപ്പെടാനുമുള്ള അവസരവും അനുവാദവും നഗരസഭയ്ക്ക് തേടാവുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കാൻ അധികൃതമാക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക്/ഏജൻസിക്ക് ചുമതലയുണ്ടായിരിക്കും.

22. വിജ്ഞാപനത്തിന്റെ നിർവ്വഹണത്തിനായി സദുദ്ദേശ്യപരമായി സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും നിയമ പരിരക്ഷ ഉണ്ടായിരിക്കുന്നതും ആയതിന് തടസ്സം സൃഷ്ടിക്കുകയോ അതിനിടയാക്കുകയോ ചെയ്യുന്നത് പൊതുവായ ഉത്തരവാദിത്വ നിർവ്വഹണം തടസ്സപ്പെടുത്തുന്ന കൃത്യമായി കണ്ട് വിചാരണ നടപടികൾക്ക് വിധേയമക്കാവുന്നതും ശിക്ഷ വിധിക്കാവുന്നതുമാണ്

## 7. <u>മാലിന്യ സംസ്ക്കരണം – നഗരസഭയുടെ അധികാരവും ഉത്തരവാദിത്വവും</u>

### <u>എ) നഗരസഭയുടെ അധികാരങ്ങൾ</u>

1) കേരള മുനിസിപ്പാലിറ്റീസ് നിയമവും മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യവും) നിയമ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നിയമ നയ വ്യസ്ഥകളും അനുസരിച്ച് നഗര മാലിന്യ സംസ്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്വവും നഗരസഭയ്ക്കാണ്. നഗര പരിധിയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെ ഉടമസ്ഥതയും നിർണ്ണയിക്കപ്പെടുന്ന രീതികളിൽ അവ സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വവും നഗരസഭയിൽ നിക്ഷിപ്തമായിരിക്കും. ഖരമാലിന്യ സംസ്കരണത്തിനും അന്തിമമായി അവ നീക്കം ചെയ്യുന്നതിനുമുള്ള ചുമതലയും നഗരസഭയ്ക്കുണ്ട്. കാലാകാലം യുക്തവും സ്വീകാര്യവുമായ മാർഗ്ഗവും ഇതിനായി അവലംബിക്കാനും ഖരദ്രവ്യ മാലിന്യങ്ങൾ വില്പന വഴിയോ കൈയൊഴിക്കുന്നതിന് ഈ വ്യവസ്ഥകൾ നഗരസഭയെ അധികാരപ്പെടുത്തുന്നു. നിലവിലുള്ള ഉപാധികൾ പരിഷ്ക്കരിക്കാനും മെച്ചപ്പെടുത്താനും അനുയോജ്യമായ വിധം ശക്തിപ്പെടുത്താനുമുള്ള ചുമതലയും നഗരസഭയ്ക്കുണ്ടായിരിക്കും.

2) പൊതു സ്ഥലങ്ങളിലും സ്വകാര്യ പരിസരങ്ങളിലും ശുചീകരണത്തിനും ഖരമാലിന്യ സംഭരണത്തിനും ശേഖരണത്തിനും പരവഹണത്തിനും അന്തിമ സംസ്കരണ നിർമ്മാർജ്ജനത്തിനും ആവശ്യമായത്ര ഉചിതമായ ഉപാധികൾ ഏർപ്പെടുത്താനുള്ള അധികാരവും ഉത്തരവാദിത്വവും നഗരസഭയ്ക്കുണ്ട്. ഇതിന് ഉപയുക്തമാകും വിധം സംവിധാനങ്ങൾ ഏർപ്പെടുത്താൻ സ്വകര്യ വസ്തു ഉടമസ്ഥരോട് നിർദ്ദേശിക്കാനും ആയത് ഉറപ്പു വരുത്താനും നഗരസഭയ്ക്ക് ആധികാരമുണ്ടായിരിക്കും. ആൾ പെരുമാറ്റമില്ലാത്ത പരിസരങ്ങളിലെ ചപ്പുചവറുകളുടെയും ഖരമാലിന്യങ്ങളുടെയും നിക്ഷേപം നിയന്ത്രിക്കാനും ആയവ നിർമ്മാർജ്ജനം ചെയ്യാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

3) സ്വകാര്യ ഇടങ്ങളിൽ ഉൾപ്പെടെ ചപ്പു ചവറുകളും ഖര-മാലിന്യങ്ങളും സംഭരിക്കുന്നതും അനുവദനീയമല്ലാത്ത വിധം മാലിന്യ നിക്ഷേപം നടത്തുന്നതും തുകലുകൾ ഉൾപ്പെടെ മൃഗാവശിഷ്ടങ്ങളും മാംസാവശിഷ്ടങ്ങളും പൊതുജനങ്ങൾക്ക് ശല്യമുണ്ടാകുന്ന തരത്തിൽ ശേഖരിക്കുന്നതും നിക്ഷേപിക്കുന്നതും മാലിന്യ പരിവഹണാർത്ഥം മൂടിയില്ലാത്തതും അശാസ്ത്രീയമായി സംവിധാനം ചെയ്തതുമായ വാഹനങ്ങൾ ഉപയോഗിക്കുന്നതും നിരോധിക്കാൻ നഗരസഭയ്ക്കധികാരമുണ്ടായിരിക്കും.

4) പൊതു നിരത്തുകളിലും ചാലുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യ നിക്ഷേപം നടത്തുന്നതും പൊതു ശല്യമുണ്ടാക്കും വിധം മാലിന്യ സംഭരണം നടത്തുന്നത് നിരോധിക്കാനും നഗരസഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. അനുവദനീയമല്ലാത്ത ഇടങ്ങളിൽ മാലിന്യ ശേഖരണമോ നിക്ഷേപമോ നടത്തുന്നതിൽ നിന്ന് ജീവനക്കാരെ വിലക്കാനും നഗരസഭയ്ക്ക് ചുമതലയുണ്ടായിരിക്കും.

5) മേൽ സൂചിപ്പിച്ച വ്യവസ്ഥകളുടെ പരിപാലനത്തിന് വേണ്ടി സ്വകാര്യ പരിസരങ്ങളിലും പൊതു സ്ഥലങ്ങളിലും പരിശോധന നടത്താനും നിയമ ലംഘനം നടത്തുകയോ നിയമം പാലിക്കാതിരിക്കുകയോ ചെയ്യുന്നവർക്ക് കർശനമായ ശിക്ഷാ വ്യവസ്ഥകൾ ബാധകമാക്കാനും പരിഹാര നടപടികൾ പ്രാബല്യത്തിൽ വരുത്താനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

6) മാലിന്യങ്ങൾ അന്തിമമായി ദുരീകരിക്കുന്നതിലേക്കു നഗര പ്രദേശത്തിന് ഉള്ളിലോ വെളിയിലോ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താനും വിജ്ഞാപനം ചെയ്യാനും കൈവശത്തിലെടുക്കാനുംആരോഗ്യ-പരിസ്ഥിതി ഘടകങ്ങൾ പരിഗണനയിലെടുത്തു കൊണ്ട് സ്ഥലം മാലിന്യ സംസ്കരണാർത്ഥം വിനിയോഗിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

7) ഖരമാലിന്യങ്ങൾ ജൈവസംസ്കരണ വിധേയമാക്കി കൂട്ടുവളമാക്കുന്നതിന് പര്യാപ്തമായി സംവിധാനം ഏർപ്പെടുത്താനും ആയതിന് ഖരമാലിന്യങ്ങൾ വിനിയോഗിക്കാനും കൂട്ടുവളം വില്പനയിലൂടെ കൈയൊഴിയാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

8) ആശുപത്രികളിൽ നിന്നോ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ നിന്നോ പുറത്തു വിടുന്ന അണുരോഗ ബാധയ്ക്കിടയാക്കാവുന്ന മാലിന്യങ്ങളും വ്യവസായങ്ങളിൽ നിന്നുള്ളതല്ലാത്ത ആപത്കരമായ മാലിന്യങ്ങളും ഭസ്മീകരണ പ്രക്രിയയിലൂടെ ഇല്ലാതാക്കാനും നഗരസഭയ്ക്കധികാര മുണ്ടായിരിക്കും.

9) ഖരമാലിന്യങ്ങളുടെ പുനരുപയോഗം, ഊറയ്ക്കിടൽ, സംസ്കരണം, നിർമാർജ്ജനം കൂട്ടുവളമാക്കൽ എന്നിവയ്ക്കായി നഗരസഭയുടെ പരിപാടിക്ക് വിധേയമായിട്ടുള്ള സംരംഭം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയോ പരിപാലിച്ച് നടത്തുകയോ വാണിജ്യാടിസ്ഥാനത്തിൽ നേരിട്ടോ കരാർ കൊടുത്തോ നടത്തുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

10) ചവറ്, അസഹ്യതയുണ്ടാക്കുന്ന വസ്തുക്കൾ, വ്യാപാര - വാണിജ്യാ വശിഷ്ടങ്ങൾ അവയിലൂടെയുണ്ടാകുന്ന മാലിന്യങ്ങൾ, ആപൽകര മാലിന്യങ്ങൾ, പ്രത്യേക മാലിന്യങ്ങൾ, അസംസ്കൃതമോ മലിനീകൃതമോ ആയ വസ്തുക്കൾ എന്നിവ അടിഞ്ഞു കൂടാനിടയുള്ള സ്വകാര്യ സ്ഥലങ്ങളിൽ നിന്നും അവ നീക്കം ചെയ്യാൻ നിർദ്ദേശിക്കാനോ നീക്കം ചെയ്യിക്കുന്നതിനോ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും. ഫാക്ടറി, വർക്ക്ഷോപ്പ്, നിർമ്മാണ സ്ഥലങ്ങൾ, വ്യാപാര -വാണിജ്യ കേന്ദ്രം, ചന്തകൾ, കശാപ്പുശാല, ഹോട്ടൽ റസ്റ്റോറന്റ്, ഭക്ഷണവും/പാനീയങ്ങൾ ഉണ്ടാക്കുകയോ, സംഭരിക്കുകയോ, വിതരണം നടത്തുകയോ ചെയ്യുന്ന ഇടങ്ങൾ, ആശുപത്രി,/നഴ്സിംഗ് ഹോം, ആരോഗ്യ/പരിരക്ഷാ കേന്ദ്രം, പണ്ടകശാല, വളരെ പേർ ഒന്നിച്ചു താമസിക്കുന്ന സ്ഥലങ്ങൾ എന്നിവയുടെ ഉടമസ്ഥരോടോ കൈവശക്കാരനോടോ രേഖാമൂലം നോട്ടീസ് നൽകി നിർദ്ദിഷ്ട രീതിയിൽ നിശ്ചിത സമയത്ത് മാലിന്യം നീക്കാനോ സംസ്കരിക്കാനോ ആവശ്യപ്പെടാനും അധികാരമുണ്ട്.അതു പ്രകാരം മാലിന്യം നീക്കം ചെയ്യുന്നില്ലെങ്കിൽ ആയത് നീക്കം ചെയ്യിക്കുകയും അതിനായി വേണ്ടി വരുന്ന വാഹന ചെലവ്, സർവ്വീസ് ചാർജ്ജ്, വേലക്കൂലി എന്നിവ ഉൾപ്പെടെ ചെലവ് കണക്കാക്കി സ്ഥല ഉടമസ്ഥരിൽ നിന്നോ കൈവശക്കാരനിൽ നിന്നോ വസൂലാക്കാനും നഗരസഭയ്ക്ക് അധികാരമുണ്ട്. ഇത്തരം നിർദ്ദേശം പാലിക്കാതിരിക്കുകയോ ഉപേക്ഷയോ അശ്രദ്ധയോ അവഗണനയോ മൂലം വീഴ്ച വരുത്തുകയോ ചെയ്യുന്നവർക്ക് 10,000/- രൂപ പിഴ ചുമത്താനും പ്രസ്തുത കുറ്റം ആവർത്തിക്കുന്ന പക്ഷം ദിനം പ്രതി 100- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

11) പതിവായി തെരുവുകൾ വൃത്തിയാക്കുന്നതിനും ചവറു നീക്കം ചെയ്യാനും സ്വകാര്യ പരിസരങ്ങളിൽ നിന്നും മാലിന്യവും മൃഗാവശിഷ്ടങ്ങളും ദിവസേന നീക്കം ചെയ്യുന്നതിനും ഖരമാലിന്യ വർജ്ജ്യ വസ്തുക്കൾ നീക്കം ചെയ്യാനും കുപ്പത്തൊട്ടിയിലും ചവറു സംഭരണികളിൽ നിന്ന് ദിവസേന ചവറ് നീക്കം ചെയ്യാനും മാലിന്യ നിക്ഷേപത്തിനായി സംഭരണികളും ഡിപ്പോകളും ഏർപ്പെടുത്താനും മാലിന്യം നീക്കാൻ മൂടിയുള്ള വാഹനം ഏർപ്പെടുത്താനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

12) ഗാർഹിക മാലിന്യങ്ങൾ ചാരം, ചവറ്, പൊടി, കെട്ടിടാവശിഷ്ടം. എച്ചിലുകൾ, വ്യവസായ അവശിഷ്ടം, അസഹ്യതയുണ്ടാക്കുന്ന മാലിന്യങ്ങൾ, മൃഗാവശിഷ്ടങ്ങൾ എന്നിവ ഇടാനായി ചവറുകുട്ട, സംഭരണി, സ്ഥലം എന്നിവ നിശ്ചയിച്ച് ഏർപ്പെടുത്താനും പ്രസ്തുത സംവിധാനങ്ങൾ പൊതു സ്വകാര്യ ജീവിതത്തിന് ശല്യകാരണമായി മാറുന്നത് തടയാനും നഗരസഭയക്ക് അധികാരമുണ്ടായിരിക്കും.

13) ചവറും മാലിന്യവും നീക്കാനും സംസ്ക്കരിക്കാനും നിർമ്മാർജ്ജനം ചെയ്യാനും വേണ്ട ഏർപ്പാടുകൾ ചെയ്ത ശേഷം പൊതു-സ്വകാര്യസ്ഥലങ്ങളിൽ മാലിന്യമോ മൃഗാവശിഷ്ടമോ നിക്ഷേപിക്കുന്നത് നിരോധിക്കാൻ നഗരസഭയ്ക്കധികാരമുണ്ട്. ഏതെങ്കിലും തെരുവിലോ കെട്ടിടത്തിലോ, തെരുവിനോട് ചേർന്ന ഒഴിഞ്ഞ സ്ഥലത്തോ, ജലാശയത്തിന്റെയോ ജലസ്രോതസ്സിന്റെയോ ജലമാർഗ്ഗത്തിന്റെയോ

കരയിലോ കടവിലോ ഇറക്കുന്ന സ്ഥലത്തോ നീക്കം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ലാത്ത ചവറു വീപ്പയിലോ വാഹനത്തിലോ മാലിന്യം നിക്ഷേപിക്കരുത് എന്ന് നിരോധിക്കാൻ നഗരസഭയ്ക്കധികാര മുണ്ടായിരിക്കും.

14) മുൻകൂട്ടിയുള്ള അനുവാദമില്ലാതെ പൊതു / സ്വകാര്യ സ്ഥലങ്ങളിലോ ഏതെങ്കിലും കെട്ടിടത്തിലോ ചവറുകൾ നിക്ഷേപിക്കുന്നത് തടയാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും. നിശ്ചിത ഫീസ് ഈടാക്കാതെ അനുവാദം നൽകാൻ പാടില്ലെന്നത് ഉറപ്പാക്കാനും രേഖപ്പെടുത്തപ്പെട്ട കാരണങ്ങളാൽ അനുമതി നിഷേധിക്കുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

15) ഏതെങ്കിലും തരത്തിലുള്ള മാലിന്യം ഏതെങ്കിലും പരിസരത്ത് 24 മണിക്കൂ റിലധികം സൂക്ഷിക്കാൻ പാടില്ലെന്നും അഴുക്കു ചാലിലേയ്ക്കൊഴികെ പൊതു തെരുവിലേയ്ക്കോ പൊതു സ്ഥലത്തേയ്ക്കോ മറ്റൊരു സ്വകാര്യ ഇടത്തിലോ മലിന ജലം ഒഴുക്കിവിടാൻ പാടില്ലെന്നു നിഷ്കർഷിക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

16) നിർദ്ദിഷ്ട സ്ഥലത്തല്ലാതെ ഏതൊരാളും തോലോ, തോലിന്റെ അവശിഷ്ടമോ നിക്ഷേപിക്കുന്നത് നിരോധിക്കാനും മലിന വസ്തുക്കൾ വെളിയിൽ പോകുകയോ ദുർഗന്ധം വമിക്കുകയോ ചെയ്യുന്നത് തടയാൻ തക്ക മൂടിയില്ലാത്ത വാഹനങ്ങൾ മാലിന്യ പരിവഹണത്തിന് ഉപയോഗിക്കുന്നത് നിരോധിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

17) നിർദ്ദിഷ്ട സ്ഥലത്തൊഴികെ യാതൊരു പൊതു സ്ഥലത്തും യാതൊരു ചവറോ, മാലിന്യമോ, അവശിഷ്ടമോ ഇടുന്നതോ ഇടുവിക്കുന്നതോ നിരോധിക്കാനും നഗരസഭയക്കധികാരമുണ്ട്. അത്തരത്തിൽ നിശ്ചയിക്കപ്പെടാത്ത സ്ഥലത്ത് മാലിന്യ നിക്ഷേപം നടത്തിയതായി ബോദ്ധ്യപ്പെട്ടാൽ അതിനിടയാക്കുന്ന ആൾക്ക് 250/- രൂപ വരെ തൽക്ഷണം പിഴ ഏർപ്പെടുത്താനും 15 ദിവസത്തിനകം പിഴ തുക വസൂലാക്കുന്നതിനും. വീഴ്ച വരുത്തിയാൽ പ്രോസിക്യൂഷൻ നടപടി ആരംഭിക്കുന്നതിനും അധികാരമുണ്ടായിരിക്കും.പ്രസ്തുത മാലിന്യം നീക്കം ചെയ്യുന്നതിനോ നിർമ്മാർജ്ജനം ചെയ്യുന്നതിനോ യുക്തമായ നടപടി സ്വീകരിക്കാനും അദിലേക്കാവശ്യമായ ചെലവ് ബാദ്ധ്യസ്ഥരായവരിൽ നിന്നും ഈടാക്കാനും നഗരസഭക്ക് അധികാരമുണ്ടായിരിക്കും

18) പൊതു വഴിയിലോ സ്ഥലത്തോ മലമൂത്ര വിസർജ്ജനം ചെയ്ത് ശല്യമുണ്ടാക്കുന്നതും അതിന് അനുവദിക്കുന്നതും നിരോധിക്കാനും അപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷണ നടപടിക്കും അധികാരമുണ്ടായിരിക്കും.

19) ഈ നിയമത്തിന് വിരുദ്ധമായ കൃത്യം ചെയ്യുന്നവരെ ചെയ്യിപ്പിക്കുന്നവരെ പറ്റി തെളിവു സഹിതം ബോദ്ധ്യപ്പെടുത്താത്ത പക്ഷം സ്ഥല ഉടമയോ കൈവശക്കാരോ കുറ്റം ചെയ്തതായി അനുമാനിക്കാനും നടപടി എടുക്കാനും അധികാരം നഗരസഭയ്ക്ക് ഉണ്ടായിരിക്കും.

20) ചുമതലപ്പെട്ട ജീവനക്കാരോ വ്യക്തികളോ ഏജൻസികളോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ മാലിന്യ നിക്ഷേപം നടത്തുന്നത് നിരോധിക്കാനും ക്രമ വിരുദ്ധമായി മാലിന്യ പരിവഹണ വാഹനമോ സംഭരണിയോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ നിറുത്തിയിടുകയോ വയ്ക്കുകയോ ചെയ്യുന്നത് നിരോധിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

**ബി. നഗരസഭയുടെ ഉത്തരവാദിത്വങ്ങൾ**

1) ഖര–ദ്രവ മാലിന്യ പരിപാലനത്തിനായി നഗരസഭയ്ക്ക് താഴെ ചേർക്കുന്ന പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളാണ് നിർവ്വഹിക്കാനുള്ളത്.

i. പതിവായി തെരുവുകൾ വൃത്തിയാക്കുക

ii. പതിവായി ചവറുകൾ നീക്കം ചെയ്യുക

iii. സ്വകാര്യ പരിസരങ്ങളിൽ നിന്നും മാലിന്യം ദിനംപ്രതി നീക്കം ചെയ്യുക

iv. ഖരമാലിന്യ വർജ്ജ്യ (മൃഗ ശവങ്ങൾ ഉൾപ്പെടെ) വസ്തുക്കൾ നീക്കം ചെയ്യുക

v. ചവറു നീക്കാൻ മതിയായ ഏർപ്പാടുകൾ ചെയ്യുക. ഡിപ്പോകൾ, സംഭരണികൾ, വാഹനങ്ങൾ എന്നിവ ഏർപ്പെടുത്തുക. താൽക്കാലിക സംഭരണികളും പരിവഹണത്തിന് മൂടിയുള്ള പാത്രങ്ങളും വാഹനങ്ങളും ഏർപ്പാടാക്കുക.

vi. ഏർപ്പെടുത്തപ്പെട്ട സംവിധാനങ്ങൾ ശല്യകാരണമാകുന്നത് തടയുക

vii. കരാർ അടിസ്ഥാനത്തിൽ ഖരമാലിന്യ സംഭരണ – സംസ്ക്കരണ – നിർമ്മാർജ്ജന നടപടികൾ മുഴുനായോ ഭാഗികമായോ നിർവ്വിഹിക്കുക.

viii. നഗരപ്രദേശത്തെ വീടുകളിൽ നിന്ന് മാലിന്യ ശേഖരണം നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.

ix. നിർദ്ദിഷ്ട സ്ഥലത്തോ സംഭരണിയിലോ നിർദ്ദിഷ്ട സമയത്തോ നിർദ്ദിഷ്ട തരത്തിലോ രീതിയിലോ അല്ലാതെ ചവർ മാലിന്യം നിക്ഷേപം നടക്കുന്നില്ലെന്ന് ഉറപ്പാക്കുക.

x. നിർദ്ദിഷ്ട വ്യവസ്ഥകൾ സംബന്ധിച്ച് പരസ്യവും പ്രചാരണങ്ങളും നൽകുക.

xi. മാലിന്യ സംസ്കരണ പ്രവർത്തന ഘട്ടത്തിൽ ആരോഗ്യ പരിസ്ഥിതി ഘടകങ്ങൾ പരിഗണിക്കുക

xii. ജൈവവളങ്ങളുടെ നിർമ്മാണ സാദ്ധ്യത ഉപയോഗപ്പെടുത്തുക

xiii. ശാസ്ത്രീയവും ആരോഗ്യപരവുമായ ലാന്റ് ഫിൽ സംവിധാനം ഏർപ്പെടുത്തുക

xiv. ബഹുജന വിദ്യാഭ്യാസ പ്രചരണ യത്നം സംഘടിപ്പിക്കുക

xv. സംസ്കരണ കേന്ദ്രങ്ങളിൽ നിന്നും 500 മീറ്റർ പരിധിയിലുള്ള പ്രദേശം ബഫർസോൺ ആയി വ്യവസ്ഥ ചെയ്ത് വികസന/ നിർമ്മാണ ആവാസ പ്രവർത്തനം ഒഴിവാക്കുക

xvi. പൊതു സ്ഥലങ്ങളിൽ ആവശ്യാനുസാരം പൊതു ശൗചാലയങ്ങൾ / പൊതു മൂത്രപ്പുരകൾ (പുരുഷൻമാർക്കും സ്ത്രീകൾക്കും വെവ്വേറെ) സ്ഥാപിക്കുക

xvii. നിയമാനുസൃതം അനുവദനീയമായ തരം പ്ലാസ്റ്റിക്കുകൾ ഒഴികെ മറ്റുള്ള തരം പ്ലാസ്റ്റിക് ഉൽ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിനിയോഗം എന്നിവ തടയുക. തൻമൂലം ഉണ്ടാകുന്ന പ്ലാസ്റ്റിക് മലിനീകരണം നിയന്ത്രിക്കുക.

ഇവയ്ക്കു പുറമേ അനുബന്ധ ചുമതലകളായി താഴെ ചേർക്കുന്ന കൃത്യങ്ങളും

1. സാങ്കേതിക വിദ്യയുടെ തെരഞ്ഞെടുപ്പ്
2. പ്രവർത്തന സേവന മാനദണ്ഡങ്ങൾ രൂപപ്പെടുത്തുക
3. സ്ഥാപന സേവന ശാക്തീകരണം ഉറപ്പാക്കുക
4. നീരീക്ഷണ – മേൽനോട്ട നടപടികൾ, സാമൂഹ്യാവലോകനം എന്നിവ സാദ്ധ്യമാക്കുക
5. മനുഷ്യ വിഭവ ശേഷി വികസനം
6. വിഭവ വിനിയോഗം ഉത്തരവാദിത്വ പൂർണ്ണമായി നിർവ്വഹിക്കുക
7. ജീവനക്കാരുടെയും കൂടുംബശ്രീ പ്രവർത്തകരുടെയും ആരോഗ്യ/ക്ഷേമ പരിപാലനം
8. യുക്തവും അനിവാര്യവുമായ ചട്ട–വ്യവസ്ഥകൾ. ബൈലോകൾ എന്നിവ യുടെ രൂപീകരണം.
9. നികുതി നിരക്ക് ഫീസ് ഈടാക്കുക.
10. അനിവാര്യ നിയമ ഭേദഗതികൾ നിർദ്ദേശിക്കുക
11. പൗരാവകാശ പത്രിക പ്രസിദ്ധീകരിക്കുകയും പ്രചാരം നൽകുകയും, അറിയാനുള്ള അവകാശവും സാമൂഹ്യ ബോധ വൽക്കരണവും ഉറപ്പാക്കുകയും ചെയ്യുക
12. നിർവ്വഹണ ഫീസ് ചുമത്തുകയും ഈടാക്കുകയും ചെയ്യുക
13. ശുചിത്വ പരിപാലന നിധിയുട വ്യവസ്ഥാപനം, പാലനം, വിനിയോഗം, കണക്കുവച്ച് ഓഡിറ്റ്
14. അപ്പീൽ കമ്മിറ്റി രൂപീകരണം നടത്തിപ്പ്
15. നിയുക്ത ഘടകങ്ങളുടെ ഉപേക്ഷ, നിരുത്തരവാദിത്വം, അലക്ഷ്യമായ പ്രവർത്തനം തുടങ്ങിയവ മുൻനിർത്തി നഷ്ടോത്തരവാദിത്വം ഏൽപ്പിക്കലും ഈടാക്കലും.

## 8. <u>പൗര സമൂഹത്തിന്റെയും വ്യക്തികളുടെയും നിർബന്ധിത ചുമതല</u>

ഖരമാലിന്യ സംസ്ക്കരണ – പരിപാലനത്തിന്റെ ഭാഗമായി പൗര സമൂഹത്തിനും വ്യക്തികൾക്കും താഴെ പറയുന്ന നിർബന്ധിത ചുമതലകളുണ്ട്.

1. പൊതു–സ്വകാര്യ നിരത്തുകൾ, ഇടവഴികൾ, ലെയിനുകൾ, നടപ്പാതകൾ, അനുവദനീയമല്ലാത്ത ഇടങ്ങൾ, പൊതു സ്ഥലങ്ങൾ തുറസ്സായ സ്ഥലങ്ങൾ, ജലാശയങ്ങൾ എന്നിവയിൽ ചവർ ഇടാതിരിക്കുക, ഓടകൾ, മഴവെള്ള നിർഗ്ഗമന ചാലുകൾ ജലസ്രോതസ്സുകൾ തുടങ്ങിയവയിൽ ചവറും പ്ലാസ്റ്റിക്കും നിരുപയോഗ സാധനങ്ങളും വിസർജ്ജ്യ വസ്തുക്കളും നിക്ഷേപിക്കാതിരിക്കുക.

2. ജൈവ മാലിന്യങ്ങൾ ഭക്ഷ്യാവശിഷ്ടങ്ങൾ മുതലായ മാലിന്യങ്ങൾ ഗാർഹിക സംഭരണികളിൽ പ്രത്യേകമായി വേർതിരിച്ച് സൂക്ഷിക്കുക.

3. ഹാനികരവും, സംസ്കരണ ക്ഷമമല്ലാത്തതും പുനരുപയോഗ ക്ഷമമല്ലാത്തതുമായ മാലിന്യങ്ങൾ പ്രത്യേകമായി വേർതിരിച്ച് സൂക്ഷിക്കുക.

4. ഗാർഹിക-വ്യക്തിഗത-പൊതുമാലിന്യങ്ങൾ, വാണിജ്യ സ്ഥലങ്ങൾ, വാസ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ എന്നിവ നിർദ്ദിഷ്ട സംഭരണികളിൽ, ശേഖരണ സ്ഥലങ്ങൾ, കുപ്പത്തൊട്ടികൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കുക

5. നിർദ്ദിഷ്ട രീതിയിലും മാർഗ്ഗത്തിലും അനാരോഗ്യകരമല്ലാത്ത തരത്തിലും മാത്രം മാലിന്യങ്ങൾ നിക്ഷേപിക്കുക അലക്ഷ്യമായോ അനുവദനീയരീതിയിൽ അല്ലാതെയോ സ്വകാര്യ പരിസരങ്ങളിൽ മാലിന്യം കൈകാര്യം ചെയ്യാതിരിക്കുക.

6. കെട്ടിട നിർമ്മാണ മാലിന്യങ്ങൾ അനുവദിക്കപ്പെട്ട ഇടങ്ങളിൽ മുൻകൂർ അനുവാദം വാങ്ങി മാത്രം നിക്ഷേപിക്കുക.

7. ആശുപത്രികൾ, ആതുരാലയങ്ങൾ, ശുശ്രൂഷാ കേന്ദ്രങ്ങൾ. വ്യവസായശാലകൾ എന്നിവയും വളരെ പേർ താമസിക്കുന്നിടങ്ങളിലും സ്വന്തം നിലയിൽ മാലിന്യ ശേഖരണ സംഭരണ പരിവഹണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും മെഡിക്കൽ ജൈവ മാലിന്യങ്ങൾ പ്രത്യേകമായി സംസ്കരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുക.

8. മാലിന്യ സംസ്കരണഭാഗമായി നഗരസഭ തയ്യാറാക്കുന്ന ബൈലോകളും നിർദ്ദേശങ്ങളും മാർഗ്ഗ രേഖകളും പാലിക്കുകയും പാലിക്കുന്നത് ഉറപ്പാക്കുകയും ചെയ്യുക. അവയുടെ ലംഘനം നഗരസഭയുടെയോ അധികൃതരുടെയോ സത്വര ശ്രദ്ധയിൽ കൊണ്ടുവരുക.

9. മാലിന്യ സംസ്കരണ നടപടികളിൽ സഹകരിക്കുകയും പങ്കാളികളാകുകയും ചെയ്യുക.

## 9. ജനപ്രതിനിധികളുടെ അധികാരങ്ങളും ചുമതലകളും

### (i) മേയർ

1. നഗരസഭയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടേയും യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കണം.

2. നഗര ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളെല്ലാം അധികൃതമാക്കാനും നിയമമാക്കാനുമുള്ള അധികാരം.

3. മാലിന്യ സംസ്കരണ പ്രവർത്തനത്തിനായി പ്രത്യേക കൗൺസിൽ യോഗം വിളിച്ചു ചേർക്കാനും പ്രത്യേക അജണ്ട നിർണ്ണയിച്ചു പരിഗണന യ്ക്കെടുക്കുന്നതിനുമുള്ള അധികാരം.

4. അനുമതി അപേക്ഷകൾ, അനുവാദ അപേക്ഷകൾ, ലൈസൻസ് അപേക്ഷകൾ തുടങ്ങിയവയ്ക്കു മേലുള്ള തീരുമാനങ്ങൾ അധികൃതമാക്കുക.

5. പരാതികളുടെയും അപ്പീലുകളുടെയും മേൽ തീർപ്പുകൾ അധികൃതമാക്കുക.

6. ധനവിനിയോഗം അധികൃതമാക്കുകയും വിലയിരുത്തുകയും ചെയ്യുക

7. സ്റ്റിയറിംഗ് കമ്മിറ്റി, സാങ്കേതിക സംവിധാനം, ഫീഡ്ബാക്ക് സംവിധാനം എന്നിവയുടെ കൃത്യങ്ങൾ അധികൃതമാക്കുക.

8. പ്രവർത്തന റിപ്പോർട്ടുകൾ തയ്യാറാക്കുന്നു എന്നും സമർപ്പിക്കപ്പെടുന്നു എന്നും ഉറപ്പാക്കുക.

9. കൂട്ടായ ഉത്തരവാദിത്വം പൊതു നഷ്ടോത്തരവാദിത്വം എന്നിവ പാലിക്കുക

10. മേയർ പദവിയിൽ നിക്ഷിപ്തമായ ഇതര അധികാരങ്ങൾ

**(ii) <u>ഡെപ്യൂട്ടി മേയർ</u>**

1. മേയറുടെ അസാന്നിദ്ധ്യത്തിൽ ഭാരമേല്പിക്കപ്പെടുന്ന മുറയ്ക്ക് മേയറുടെ അധികാരങ്ങളുടെ നിർവ്വഹണം.

**(iii) <u>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ</u>**

1. ആരോഗ്യ ശുചിത്വ പരപാലന സംവിധാനങ്ങളുടെ പ്രവർത്തനത്തിനായിട്ടുള്ള ബഡ്ജറ്റിംഗ്, പദ്ധതി രൂപീകരണം, ഏകോപനം, നിർവ്വഹണം, അക്കൗണ്ടിംഗ് എന്നിവയുടെ മേൽനോട്ടവും നിരീക്ഷണവും.

2. ബന്ധപ്പെട്ട ഉപസമിതികളുടെ അദ്ധ്യക്ഷത വഹിക്കുകയും നടപടികൾ നിരീക്ഷിക്കുകയും ചെയ്യുക.

3. മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാലന പ്രവർത്തനങ്ങളുടെ ഏകോപനവും ഇതര മേഖലകളുമായുള്ള ഉദ്ഗ്രഥനവും

4. പ്രതിവാര നിർവ്വഹണ വിലയിരുത്തൽ, ജീവനക്കാരുടെ പ്രതിമാസ ജനറൽ ബോഡി എന്നിവയിൽ അദ്ധ്യക്ഷത വഹിക്കുകയും കൃത്യതയും ഫലപ്രാപ്തിയും ഉറപ്പാക്കുകയും ചെയ്യുക.

5. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാര പരിധിയിൽ വരുന്ന ജീവനക്കാർ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തന നീരീക്ഷണം.

**(iv) <u>സ്റ്റിയറിംഗ് കമ്മിറ്റി</u>**

1. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം മറ്റു സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് പരിപാലിക്കുക.

2. സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും നടത്തി തിരുത്തലുകൾ നിർദ്ദേശിക്കുക.

3. ആഴ്ചവട്ട യോഗങ്ങൾ, അടിയന്തിര യോഗങ്ങൾ എന്നിവ നടത്തി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കുറ്റമറ്റതും ശാസ്ത്രീയവും ത്വരിത ഗതിയുള്ളതുമായി പരിപാലിക്കുക.

4. സ്ഥാപന-സേവന ഗുണ നിലവാരം പാലിക്കുന്നത് ഉറപ്പാക്കുക.

5. പ്രവർത്തന നടത്തിപ്പിന്റെ മേൽ നോട്ടത്തിന്റെയും പുനരറിവ് പരാതി പരിഹാരം എന്നിവയുടെയും തലമായി പ്രവർത്തിക്കുക.

6. നഗരസഭാ പ്രവർത്തന മാർഗ്ഗ നിർദ്ദേശക സമിതിയായി പ്രവർത്തിക്കുക.

### (V) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

16. ആരോഗ്യ-ശുചിത്വ പ്രവർത്തനങ്ങൾ പരിപാലിക്കുക

17. അനിവാര്യ-പൊതു-മേഖലാ ചുമതലകൾ നിറവേറ്റാനാവശ്യമായ വിഭവം ഉറപ്പാക്കുക.

18. ആവശ്യമായ പദ്ധതിയുടെ ആസൂത്രണം, അംഗീകാരം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉറപ്പാക്കുക.

19. റിവ്യൂയോഗങ്ങൾ സംഘടിപ്പിക്കുക

20. മേഖലാതല ഉദ്ഗ്രഥനം ഉറപ്പാക്കുക

21. സ്ഥാപന സേവന ഗുണനിലവാരം പാലിക്കുക

22. മാർഗ്ഗരേഖയുടെ നിർവ്വഹണം ഉറപ്പാക്കുക.

23. ജീവനക്കാർ, ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ നിയന്ത്രണം പാലിക്കുക.

24. സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾക്ക് രൂപം നൽകി പ്രവർത്തനക്ഷമമാക്കുക.

25. ആവശ്യമായ സാങ്കേതിക-പിന്തുണാസംവിധാനങ്ങൾ ഏർപ്പെടുത്തുക.

### (VI) നഗരസഭ

1. ആരോഗ്യ-ശുചിത്വ പരിപാലനം ഉൾപ്പെടെയുള്ള എല്ലാ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിക്കുക.
2. വസ്തുവകകൾ പരിപാലിക്കുകയും വിനിയോഗിക്കുകയും ചെയ്യുക.
3. വിഭവ സമാഹരണം, വിനിയോഗം, നിയന്ത്രണം എന്നിവ നടത്തുക
4. റിപ്പോർട്ടുകൾ അംഗീകരിക്കുക.
5. തീരുമാനങ്ങൾ എടുക്കുക.
6. നിർവ്വഹണ സംവിധാനങ്ങൾ ഏർപ്പെടുത്തുക
7. ഗുണഭോക്തൃ നിർണ്ണയവും നിയോഗവും നടത്തുക
8. ബഡ്ജറ്റ്, അക്കൗണ്ട്, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ചർച്ച ചെയ്ത് അംഗീകരിക്കുക, നിർവ്വഹണം ഉറപ്പാക്കുകയും ചെയ്യുക.

**10. <u>നഗരസഭാ സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.</u>**

നഗരമാലിന്യ പരിപാലനം-സംസ്ക്കരണം-നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കും.

1. നഗരസഭ, സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി സാങ്കേതിക സമിതികൾ എന്നിവയുടെ അംഗ സെക്രട്ടറിയായി വർത്തിക്കുക.
2. മാലിന്യ സംസ്കരണം, മാലിന്യ സംഭരണം, പരിവഹണം എന്നിവയ്ക്കുള്ള താത്ക്കാലികവും സ്ഥിരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
3. വ്യക്തവും അനിവാര്യവുമായ കരാറുകളിൽ ഏർപ്പെടുക.
4. കൃത്യനിർവ്വഹണാർത്ഥം ഉദ്യോഗാർത്ഥികളെ നിയോഗിച്ച് ഭാരമേല്പിക്കുക.
5. നോട്ടീസുകൾ, അറിയിപ്പുകൾ പ്രസിദ്ധീകരിക്കുക
6. മേയർ അധികൃതമാക്കുന്ന എഴുത്തുകുത്തുകൾ നടത്തുക
7. വിഭവ വിനിയോഗം നഗരസഭ തീരുമാന പ്രകാരം മേയർ അധികൃതമാക്കുന്ന വിധം നടത്തുക.
8. റിപ്പോർട്ടുകളും രേഖകളും മിനിട്ടുകളും തയ്യാറാക്കി സൂക്ഷിക്കുക.
9. മാലിന്യ നിർമ്മാർജ്ജന ചെലവ്/ഫീസ് ഒടുക്കാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശിക്കുക.
10. വ്യവസ്ഥനിഷേധം, ലംഘനം, വീഴ്ച, ഉപേക്ഷ തുടങ്ങിയവയ്ക്ക് ഇടയാകുന്നവരോട് പിഴയൊടുക്കാൻ നിർദ്ദേശിക്കുക.
11. അനിവാര്യ ഘട്ടങ്ങളിൽ കരറോ നോട്ടീസോ അറിയിപ്പോ റദ്ദ് ചെയ്യുക.
12. കുറ്റസ്ഥാപന ഘട്ടത്തിൽ തൽസമയ പിഴ ഏർപ്പെടുത്തുക
13. ചവർ നിക്ഷേപാനുവാദം അംഗീകാരം
14. മലിനജല നിക്ഷേപം, മലിനജലനിർഗമനം എന്നിവ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക.
15. സ്ഥല പരിശോധനയ്ക്കുള്ള അധികാരം.

**11. <u>നിർവ്വഹണ സംവിധാനം</u>**

നഗരമാലിന്യ പരിപാലന-സംസ്ക്കരണ-നിർമ്മാർജ്ജന സംവിധാനം ശാസ്ത്രീയവും പരിസ്ഥിതിക്കിണങ്ങിയതുമായ വിധം പ്രാവർത്തികമാക്കാൻ തദ്ദേശ ജന പങ്കാളിത്തവും സാമൂഹ്യ നേതൃത്വവും ഉറപ്പാക്കുന്ന നിർവ്വഹണ സംവിധാനം രൂപപ്പെടുത്താൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും. താഴെ പ്പറയുന്ന ഘടന ആയതിന് സ്വീകരിക്കാവുന്നതാണ്.

**(i) <u>കോർപ്പറേഷൻ കൗൺസിൽ</u>**

ഈ പരിപാടിയുടെ മുഖ്യ ചുമതലയും നടത്തിപ്പും കൗൺസിലിന്റെ നേതൃത്വത്തിലായിരിക്കും.

(ii) **<u>ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി</u>**

ദൈനംദിന പ്രവർത്തനങ്ങളുടെ നടത്തിപ്പും നിരീക്ഷണവും ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്കായിരിക്കും.

(iii) **<u>നടത്തിപ്പ് ചുമതലകൾ</u>**

1. സംഘടനാ സംവിധാനം രൂപീകരിക്കൽ
2. ആവശ്യമായ സന്നദ്ധ പ്രവർത്തകരെ വിവധ തലങ്ങളിലേയ്ക്ക് കണ്ടെത്തൽ
3. ഈ പ്രവർത്തനത്തിന് സഹായിക്കാൻ കഴിയുന്ന സംഘടനകൾ, ഏജൻസികൾ സ്ഥാപനങ്ങൽ എന്നിവ കണ്ടെത്തൽ.
4. വിവിധ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേഷൻ.
5. ഡോക്യുമെന്റേഷൻ.

(iv) **<u>കോർപ്പറേഷൻ തല ശുചിത്വാരോഗ്യസമിതി</u>**

നിലവിലുള്ള നഗരപാലികാനിയമ പ്രകാരം ആവശ്യമായ ഘട്ടങ്ങളിൽ കോർപ്പറേഷനെ സഹായിക്കുന്നതിന് വിഷയ സമിതികൾ രൂപീകരിക്കാം.

**<u>അംഗങ്ങൾ</u>**

1. കൗൺസിലറർമാർ
2. കോർപ്പറേഷൻ-ആരോഗ്യം, റവന്യൂ, എഞ്ചിനീയറിംഗ്, വെറ്ററിനറി, കൃഷി-വിഭാഗങ്ങളുടെ ഓഫീസർമാർ, ഓരോ വിഭാഗത്തിൽ നിന്നും 3 പേർ വീതം ഉൾപ്പെടുത്തണം.
3. രാഷ്ട്രീയ യുവജന, തൊഴിലാളി, സാംസ്ക്കാരിക സംഘടനകളുടെ പ്രതിനിധികൾ
4. നടത്തിപ്പ് ചുമതലയിൽ നേരിട്ട് പങ്കാളിത്തം വഹിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ
5. റെസിഡന്റ്സ് അസ്സോസിയേഷൻ സി.ഡി.എസ് പ്രതിനിധികൾ.
6. ഈ പ്രവർത്തനത്തെ സഹായിക്കുന്നതിന് കൗൺസിലിന് ആവശ്യമെന്ന് തോന്നുന്ന സ്ഥാപനങ്ങളെയോ/വ്യക്തികളെയോ ഉൾപ്പെടുത്താവുന്നതാണ്.

**<u>ചുമതലകൾ</u>**

(i) നഗരമാലിന്യ പരിപാലന- സംസ്ക്കരണ - നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ മനസ്സിലാക്കി നടത്തിപ്പിന് നേതൃത്വം നൽകുക

(ii) നഗരമാലിന്യ പരിപാലന – സംസ്ക്കരണ – നിർമ്മാർജ്ജനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കു കോർപ്പറേഷൻതല നിർവ്വഹണ സെക്രട്ടറിയേറ്റ് രൂപീകരിക്കുന്നതാണ്.

**(V) <u>സാങ്കേതിക പിന്തുണാ സമിതി</u>**

സാങ്കേതിക ഘടകങ്ങളിൽ ഉപദേശവും മേൽനോട്ടവും ഉറപ്പാക്കുന്നതിന് 15–20 പേരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കാം. ഒരു ചെയർമാനും കൺവീനറും ഉണ്ടകാകണം. ഹെൽത്ത് ആഫീസറുടെ ഓഫീസ് സാങ്കേതിക ഉപയോഗിക സമിതിയുടെ സെക്രട്ടറിയേറ്റായി പ്രവർത്തിക്കാവുന്നതാണ്.

**<u>ചുമതലകൾ</u>**

(i) നിലവിലുള്ള കോർ ടീം തയ്യാറാക്കുന്ന പ്രോജക്ടിന്റെ സാങ്കേതിക ഘടകങ്ങൾ വിലയിരുത്തുക.

(ii) ആവശ്യമായ പുതിയ സാങ്കേതിക ഘടകങ്ങൾ നിർവ്വഹിക്കുക, കണ്ടെത്തുക, കൂട്ടിചേർക്കുക.

(iii) പ്ലാന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക.

(iv) ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുക.

(v) ദീർഘകാലത്തേയ്ക്ക് ആവശ്യമായ സാങ്കേതിക സമീപനങ്ങൾ വികസിപ്പിക്കുക.

(vi) ദൈനംദിന പ്രവർത്തനങ്ങളിൽ സാങ്കേതിക ഘടകങ്ങളുമായി ബന്ധപ്പെട്ട് വരുന്ന താളപ്പിഴകൾക്ക് അനുയോജ്യമായ പരിഹാരം നിർദ്ദേശിക്കുക.

**(VI) <u>വാർഡ്തല ശുചിത്വാരോഗ്യ സമിതി</u>**

**1. <u>ഘടന</u>**

വാർഡ് കൗൺസിലർ ചെയർമാൻ, കോർപ്പറേഷൻ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ കൺവീനർ.

**2. <u>അംഗങ്ങൾ</u>**

കോർപ്പറേഷൻ തല സമിതിക്കായി നിർദ്ദേശിച്ചതിന് സമാനഘടനയിൽ വാർഡ് കൗൺസിലറുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥർ,സന്നദ്ധ–സാമൂഹ്യ പ്രവർത്തകർ എ.ഡി.എസ്സ്. പ്രതിനിധികൾ എന്നിവർ അംഗങ്ങളായുള്ളവാർഡ് തല ശുചിത്വാരോഗ്യ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ കൂടുതൽ അംഗങ്ങളെ കൂട്ടി ചേർക്കാൻ ഭരണ സമിതിക്ക് ചുമതല നൽകാവുന്നതാണ്.

**3. <u>ചുമതലകൾ</u>**

(i) വാർഡിനെ ഉപയൂണിറ്റുകളായി തിരിക്കുക

(ii) ഉപയൂണിറ്റുകളിൽ സംഘാടക സമിതികൾ രൂപീകരിക്കുക.

(iii) കുടുംബങ്ങൾക്കും സ്ഥാപനങ്ങളുടെ ചുമതലക്കാർക്കും പരിശീലനം നൽകുക.

(iv) പൊതു നിരത്തുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുക.

(v) സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന രീതി നിരീക്ഷണം നടത്തുക.

(vi) ശക്തമായ പ്രചരണം സംഘടിപ്പിക്കുക.

(vii) മാലിന്യ സമാഹരണം നടത്തുന്നവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുക.

(viii) ഈ പ്രവർത്തനത്തിന് ആവശ്യമായ ആൾക്കാരെ കണ്ടെത്തുക.

**(VII)** **<u>വാർഡുതല നിർവ്വഹണ സമിതി</u>**

1. വാർഡുതല സമിതിക്ക് 10–15 പേർ ഉൾപ്പെടുന്ന ഒരു നിർവ്വഹണ സമിതി ഉണ്ടായിരിക്കണം.

2. ചുമതല

   (i) ദൈനംദിന പ്രവർത്തനം സംഘടിപ്പിക്കൽ

   (ii) മോണിട്ടറിംഗ് നടത്തുക.

## 12. <u>നിർവ്വഹണ സെക്രട്ടറിയേറ്റിന്റെ ചുമതലകൾ</u>

1. പ്രതിദിന വിലയിരുത്തൽ നടത്തുക, ക്ലസ്റ്റർ സെന്ററിന്റെ പ്രതിനിധികളും നിർവ്വഹണ സെക്രട്ടറിയേറ്റ് അംഗങ്ങളും ചേർന്ന് ആഴ്ചയിൽ ഒരു നിശ്ചിത ദിവസം അവലോകന / ആസൂത്രണ യോഗം വിളിക്കാവുന്നതാണ്. (എല്ലാ വെള്ളിയാഴ്ചയും 3 മണിക്ക്)

2. മാസത്തിൽ ഒരു ദിവസം എല്ലാ വാർഡ് ചുമതലക്കാരായ ജെ.എച്ച്.ഐ മാരും ക്ളസ്റ്റർ ചുമതലയുള്ള എച്ച്.ഐ–മാരും നിർവ്വഹണ സെക്രട്ടറിയേറ്റ് ടീമും ഉള്ള ബോർഡ് പ്രവർത്തന അവലോകനം നടത്തേണ്ടതാണ്. എല്ലാ മാസത്തെയും നാലാമത്തെ പ്രവൃത്തി ദിവസം ഇതിനായി മാറ്റിവയ്ക്കേണ്ടതാണ്.

## 13. <u>ക്ളസ്റ്റർ സെന്ററിന്റെ ചുമതലകൾ</u>

1. ദിവസവും രാവിലെ 9 മണിക്ക് ക്ളസ്റ്റർ മീറ്റിംഗ് നടക്കണം.

2. ക്ളസ്റ്റർ സെന്റർ മീറ്റിംഗിന്റെ റിപ്പോർട്ട് അതാത് ദിവസം തന്നെ പ്രോജക്ട് സെക്രട്ടറിയേറ്റിന് നൽകണം.

3. പരിശീലനങ്ങൾ, ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ മേൽനോട്ടം, സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ പ്രവർത്തനങ്ങളിലുടെ ആസൂത്രണം എന്നിവ ഏറ്റെടുത്ത് നിർവ്വഹിക്കണം.

4. പ്രാദേശികമായി തടസ്സങ്ങൾ നേരിടുന്ന സ്ഥലങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുക, ഖരമാലിന്യങ്ങൾ തരംതിരിച്ച് സമാഹരിക്കുന്ന പ്രക്രിയ സൂക്ഷ്മമായി

നിരീക്ഷിക്കുകയും കുറ്റമറ്റതാക്കുകയും ചെയ്യുക. മാലിന്യം ശേഖരിക്കുന്ന പ്രവർത്തകരെ നിരന്തരം കാണുകയും സമാഹരണ പ്രക്രിയ സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്യുക.

5. പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഡോക്യുമെന്റേഷൻ നടത്തുക. ജെ.എച്ച്.ഐ–മാർക്ക് ഫീൽഡിൽ ആവശ്യമായ നിയമ സഹായങ്ങൾ, പിന്തുണാ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുക. പ്രോജക്ട് സെക്രട്ടറിയേറ്റ് ചുമതലപ്പെടുത്തുന്ന ഇതുമായി ബന്ധപ്പെട്ട ഇതര ചുമതലകൾ നിർവ്വഹിക്കുക.

**14. <u>വാർഡ് ചുമതലയുള്ള ജെ.എച്ച്.ഐ.മാർ ചെയ്യേണ്ടത്.</u>**

ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം മലിനീകരണങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഹാരം കാണൽ ,അപകടകരമായ പ്രശ്നങ്ങളെ സംബന്ധിച്ച പരാതി പരിശോധനയും പരിഹാരവും കൊതുകു നിവാരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ , അനധികൃത കശാപ്പ് സംബന്ധിച്ച് നടപടി സ്വീകരിക്കൽ, ഭക്ഷണ സാധനങ്ങളുടെ ശുചിത്വം പരിശോധനയും നടപടി സ്വീകരിക്കലും , ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ, വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടി. കോർപ്പറേഷൻ ഹെൽത്ത് അതോറിറ്റി നിശ്ചയിക്കുന്ന പൊതു ആരോഗ്യ പ്രവർത്തനങ്ങൾ ഇതിനൊപ്പം നിർവഹിക്കേണ്ടതാണ്.

**15. <u>നഗരസഭാ വാഹനങ്ങളുടെ നിയന്ത്രണം</u>**

മാലിന്യം സമാഹരിക്കുന്നവരെ സമാഹരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങളുമായി ബന്ധിപ്പിക്കൽ, മാലിന്യ സമാഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുടെ മേൽനോട്ടം, ആഴ്ചതോറുമുള്ള മീറ്റിംഗ്, മാലിന്യം സമാഹരിക്കുന്നവരുടെ സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ എന്നിവ നഗരസഭാ ഹെൽത്ത് ഓഫീസറിൽ നിക്ഷിപ്തമായ അധികാരങ്ങൽ ആയിരിക്കും .

**16. <u>സാനിട്ടറി ജോലി ചെയ്യുന്നവരുടെ ചുമതല</u>**

1. റോഡ് വൃത്തിയാക്കൽ, തത്സമയം ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സമാഹരിക്കാൻ അലോട്ട് ചെയ്തിട്ടുള്ള വാഹനങ്ങളിലേക്ക് മാറ്റൽ, ഓടകളിലുണ്ടാകുന്ന തടസ്സം ദിനംപ്രതി നീക്കം ചെയ്യൽ.

2. വഴിയോരങ്ങളിലെ കാട്, പുല്ല് എന്നിവ വൃത്തിയാക്കൽ.

3. തരംതിരിച്ച് സമാഹരിച്ച മാലിന്യങ്ങൾ ലോറിയിലേക്കോ അതാത് കാനുകളിലേക്കോ പകർത്തൽ.

4. മേലുദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന യോഗങ്ങളിലും പരിശീലനങ്ങളിലും പങ്കെടുക്കൽ

5. തൊഴിൽ സമയത്ത് ആവശ്യമായ സുരക്ഷിത കവചങ്ങൾ ധരിക്കൽ.

6. ശുചിത്വ പ്രവർത്തനങ്ങൾക്കായി കോർപ്പറേഷൻ നല്കുന്ന ഉപകരണങ്ങൾ സംരക്ഷിക്കൽ, സൂക്ഷിക്കൽ/ഉപയോഗപ്പെടുത്തൽ.

7. നിയുക്ത പ്രവർത്തി നിർവ്വഹണത്തിൽ കാലാനുസൃത നിർദ്ദേശ്ശങ്ങൾ പ്രാവർത്തികമാക്കുക.

## 17. നിരീക്ഷണ സംവിധാനവും ചുമതലയും

| | | | |
|---|---|---|---|
| 1. | ദൈനംദിന– പ്രായോഗിക നടത്തിപ്പ് | ഗാർഹിക മാലിന്യസംഭരണം, പൊതു മാലിന്യ സംഭരണം, സമാഹരണം,പരിവഹണം | വാർഡ്തലസമിതി |
| 2. | വ്യക്തിഗത – ഏകാപിത പ്രവർത്തന നിരീക്ഷണം | ജീവനക്കാർ,മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് അംഗങ്ങൾ,കരാർ ജോലിക്കാർ, വ്യക്തികൾ, സ്ഥാപനങ്ങൾ | ഹെൽത്ത് ഇൻസ്പെക്ടർ |
| 3. | വാർഡ്തല പ്രവർത്തനം | കൗൺസിലർ, ഹെൽത്ത് ഇൻസ്പെക്ടർ, റിസ്സോഴ്സ് പേഴ്സൺ, പ്രവർത്തന സമിതികൾ | വാർഡ് സഭ |
| 4. | ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിതലം | പ്രതിവാര സ്ഥാപന റിവ്യൂ പ്രതിമാസ ഉദ്യോഗതല റിവ്യൂ | സ്റ്റാൻഡിംഗ് കമ്മിറ്റി |
| 5. | നഗരസഭാ തലം നിയമ നിരീക്ഷണം സാങ്കേതിക നിരീക്ഷണം | നഗരസഭാ ജനപ്രതിനിധികൾ/ സാങ്കേതിക വിദഗ്ദ്ധർ | നഗരസഭ |
| 6. | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് | നിയമപരമായി ചുമതലപ്പെട്ട അധികാരികൾ | |
| 7. | തൽസമയ നിരീക്ഷണ പ്രക്രിയ | വിവരനിയമം – പ്രവൃത്തിനിർവഹണം പ്രവൃത്തി പൂർത്തീകരണം നിർവ്വഹണ റിപ്പോർട്ടിംഗ് എന്നിവ മുൻകൂർ നിർണ്ണയിക്കപ്പെടുന്നസമയവിവര പട്ടിക പ്രകാരം നിരീക്ഷിക്കുക | നിർണ്ണയിക്കപ്പെടുന്ന നിരീക്ഷണ പ്രവർത്തകർ. |

## 18. കുറ്റവും ശിക്ഷയും

1. മാലിന്യ സംസ്ക്രണ പ്രക്രിയ ഏർപ്പെടുത്തപ്പെട്ട ശേഷം നിയമ–ചട്ട–ബൈലാകൾക്ക് വിരുദ്ധമായോ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കും വിധമോ പ്രവർത്തിക്കുന്ന കുറ്റം ആരോപിക്കപ്പെടുന്നവർ, കുറ്റത്തിനിടയാകുന്നവർ എന്നിവർക്ക് തൽസമയം നോട്ടീസ് നല്കി നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ പിഴ ഏർപ്പെടുത്തുന്നതായിരിക്കും 15 ദിവസത്തിനകം ഈടാക്കാതെ വീഴ്ചവരുത്തിയാൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും കഴിയുന്നതാണ്.

2. കുറ്റത്തിനിടയാക്കുന്നവർ കുറ്റം ചെയ്യുന്നവർ എന്നിവരെപ്പറ്റി തെളിയിക്കപ്പെടാത്ത സാഹചര്യത്തിൽ വസ്തു ഉടമ /കൈവശക്കാർ കുറ്റം ചെയ്തതായി പരിഗണിച്ച് നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ പിഴയൊടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

3. ചവറോ, മാലിന്യമോ മൃഗശവങ്ങളോ നിയമവിരുദ്ധമായി നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്താൽ കുറ്റ സ്ഥാപനത്തിന് ന ിർണ്ണയിക്കപ്പെടുന്ന നിരക്കിൽ പിഴയൊടുക്കാൻ ഏർപ്പെടുത്താവുന്നതാണ്.

4. സ്വകാര്യ സ്ഥലങ്ങളിൽ നിയമവിരുദ്ധമായി മാലിന്യം സംഭരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുകയോ ചെയ്യാൻ അനുവദിക്കുകയോ തെളിയുന്നപക്ഷം വസ്തു ഉടമ/കൈവശക്കാർ 10000 രൂപ വരെ പിഴ ശിക്ഷയ്ക്ക് വിധേയരാക്കപ്പെടും. കുറ്റകൃത്യം ആവർത്തിക്കപ്പെടുന്ന പക്ഷം ദിനംപ്രതി 100 രൂപ നിരക്കിൽ അധിക പിഴ ശിക്ഷിക്കപ്പെടുന്നതാണ്.

5. നഗരസഭാ ചെലവിൽ മാലിന്യം സംസ്ക്കരിക്കപ്പെടാൻ ഇടയായാൽ നടപടിയുണ്ടാകും. ചെലവ് ഒടുക്കാത്തപക്ഷം റിക്കവറി ചെയ്ത് മുതൽ ക്കൂട്ടാവുന്നതാണ്.

## 19. <u>അനുബന്ധ വ്യവസ്ഥകൾ</u>

1. <u>സത്വര പരിശോധന</u>

നഗര മാലിന്യ പരിപാലനം - സംസ്ക്കരണം - നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച് ഏതൊരു പൊതുസ്ഥലത്തും, സ്വകാര്യ പരിസരത്തും, പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രതിരോധ നടപടികളും പരിഹാര നടപടികളും നിർദ്ദേശിക്കുന്നതിനും ആവശ്യമെങ്കിൽ ഏതെങ്കിലും പരാതിയുടെയോ ആക്ഷേപത്തിന്റെയോ ആവലാതിയുടെയോ പരിഹാരാർത്ഥമോ സ്വമേധയാ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലോ ഏതൊരു പൊതുസ്ഥലത്തും സ്വകാര്യ പരിസരത്തും, സത്വര പരിശോധന നടത്താനും, റിപ്പോർട്ട് തയ്യാറാക്കാനും നിർദ്ദേശങ്ങൾ നൽകാനും നഗരസഭാ ഹെൽത്ത് ഓഫീസർ / ഹെൽത്ത് ഇൻസ്പെക്ടർ / അധികൃതമാക്കപ്പെട്ട ഉദ്യോഗസ്ഥർ / ജീവനക്കാർ എന്നിവർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

2. <u>തൽക്ഷണ പിഴ</u>

പൊതുസ്ഥലത്ത് അഥവാ മുൻകൂർ നിർണ്ണയിച്ച് പ്രസിദ്ധം ചെയ്തിട്ടുള്ളതൊഴികെ സ്വകാര്യ പരിസരങ്ങളിൽ, അങ്കണങ്ങളിൽ അലക്ഷ്യമായോ അശ്രദ്ധമായോ മാലിന്യങ്ങൾ ഇടുകയോ വലിച്ചെറിയുകയോ നിക്ഷേപിക്കുകയോ അതിനിടയാക്കുകയോ ചെയ്യുന്നവർക്ക് 250/- രൂപ തൽക്ഷണ പിഴ ഏർപ്പെടുത്താവുന്നതും, ആയതിനുള്ള ഉത്തരവ് ഹെൽത്ത് ഇൻസ്പെക്ടർക്ക് പുറപ്പെടുവിക്കാവുന്നതും, പ്രസ്തുത ഉത്തരവ് നിഷേധിക്കുകയോ ലംഘിക്കുകയോ ചെയ്യുന്നപക്ഷം കുറ്റവിചാരണയ്ക്ക് വിധേയമാക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

3. <u>അറിയാനുള്ള അവകാശം</u>

നഗരമാലിന്യ പരിപാലന - സംസ്ക്കരണ - നിർമ്മാർജ്ജന പ്രവൃത്തികൾ സംബന്ധിച്ച ഏതൊരു വിവരവും രേഖയും പൊതു രേഖയായിരിക്കുന്നതും, തത്സംബന്ധമായി അറിയാനുള്ള അവകാശം ഏതൊരു പൗരർക്കും

ഉണ്ടായിരിക്കുന്നതും, നിലവിലുള്ള മുനിസിപ്പാലിറ്റീസ് ആക്ട് വ്യവസ്ഥകൾ, ദേശീയ വിവര ലഭ്യതാവകാശ നിയമം എന്നിവയുടെ വ്യവസ്ഥകൾക്ക് വിധേയമായി പാലിക്കപ്പെടുന്നതും വിവരലഭ്യത ഉറപ്പാക്കുന്നതിനായി ഇതു സംബദ്ധിച്ച പബ്ളിക്ക് ഇൻഫർമേഷൻ ഓഫീസറായി നഗരസഭാ ഹെൽത്താഫീസറെ സ്ഥാന നിർദ്ദേശം ചെയ്തിരിക്കുന്നതുമാണ്. ഇതു സംബന്ധിച്ച അപ്പലേറ്റ് അധികാരി നഗരസഭാ സെക്രട്ടറി ആയിരിക്കും.

4. <u>സാമൂഹ്യ അവലോകനം</u>

നഗരമാലിന്യ പരിപാലന – സംസ്ക്കരണ – നിർമ്മാർജ്ജന പ്രവൃത്തികളുടെ നിരന്തര സാമൂഹ്യ അവലോകനവും പരിഷ്ക്കരണവും നിർവ്വഹിക്കുന്നതിനായി വാർഡ് തലത്തിലും നഗരസഭാ തലത്തിലും സാമൂഹ്യ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

ആയതിന്

a. വാർഡുതല സാമൂഹ്യ ഓഡിറ്റ് ടീമിന് രൂപം നൽകുക, സാമൂഹ്യ ഓഡിറ്റ് നടത്തിക്കുക, സാമൂഹ്യ ഓഡിറ്റ് റിപ്പോർട്ട് വാർഡ് സഭയുടെ പരിഗണനയ്ക്ക് വിധേയമാക്കുക.

b. നഗരസഭാതലത്തിൽ വിദഗ്ദ്ധ സംഘത്തെ രൂപീകരിച്ച് വാർഷിക സാമൂഹ്യ അവലോകനം നടത്തുകയും, റിപ്പോർട്ട് നഗരസഭ കൗൺസിലിൽ സമർപ്പിച്ച് പരിഹാര – തുടർ നടപടി സ്വീകരിക്കുകയും ചെയ്യുക.

c. സാമൂഹ്യ ഓഡിറ്റ് റിപ്പോർട്ട് ക്രോഡീകരിച്ച് വർഷാവർഷം പ്രസിദ്ധീകരിക്കുക എന്നിവ നഗരസഭയുടെ ചുമതലയായിരിക്കും.

5. <u>പരാതി പരിഹാര സമിതി</u>

നഗരമാലിന്യ പരിപാലന – സംസ്ക്കരണ – നിർമ്മാർജ്ജനം സംബന്ധിച്ച് ആക്ഷേപങ്ങൾ – ആവലാതികൾ – പരാതികൾ എന്നിവ പരിഗണിച്ച് സത്വര പരിഹാരം ലഭ്യമാക്കുന്നതിന് വാർഡ്തലത്തിലും നഗരസഭാ തലത്തിലും നിർണ്ണയിക്കപ്പെടുന്നവിധം പരാതി പരിഹാര സമിതികൾക്ക് രൂപം നൽകി പ്രാവർത്തികമാക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും. നഗരസഭാ മേയർ അദ്ധ്യക്ഷത വഹിക്കുന്ന അപ്പീൽ കമ്മിറ്റിക്ക് രൂപം നൽകുന്നതിനും നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുംയ

6. <u>നിർവ്വഹണ സുതാര്യത</u>

നഗരമാലിന്യ പരിപാലന – സംസ്ക്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, അവയ്ക്കായി ചെലവഴിക്കുന്ന വിഭവ വിവരങ്ങൾ നിർമ്മാണ നിർവ്വഹണ വിവരങ്ങൾ, പദ്ധതി വിവരങ്ങൾ എന്നിവ നിർണ്ണയിക്കപ്പെടുന്നവിധം മലയാള ഭാഷയിൽ പൊതുജനങ്ങൾക്ക് ദൃശ്യമാകും വിധം പ്രദർശിപ്പിക്കാനും നഗരസഭക്ക് ചുമതലയുണ്ടായിരിക്കും .

7. <u>പരിരക്ഷാ വ്യവസ്ഥകൾ</u>

വിജ്ഞാപനത്തിന്റെ വ്യവസ്ഥകൾ നിർവ്വഹിക്കപ്പെടുന്നതിനായി സദുദ്ദേശപരമായി നഗരസഭയോ അധികൃതരോ ഉദ്യോഗസ്ഥരോ ജീവനക്കാരോ നിയുക്ത

ഏജൻസികളോ സ്വീകരിക്കുന്നതായ നിയമ നടപടികൾക്ക് നിലവിലുള്ള നിയമവ്യവസ്ഥകൾ അനുശാസിക്കുന്ന വിധമുള്ള പരിരക്ഷ ഉണ്ടായിരിക്കുന്നതാണ്. നിർദ്ദിഷ്ട നീതിന്യായ നടപടികളിലൂടെ മാത്രമേ ആയത് ചോദ്യം ചെയ്യുവാനോ അസാധുവാക്കുവാനോ ഭേദഗതി വരുത്താനോ സാധിക്കുകയുള്ളു. നഗരസഭാ പ്രവർത്തനം സംബന്ധിച്ച് അധികാര പരിധിയുള്ള തദ്ദേശ ഭരണ ട്രിബ്യൂണൾ, ഓംബുഡ്സ്മാൻ, എന്നിവയിലോ ഹൈക്കോടതിയിലോ മാത്രമെ ഇതു സംബന്ധിച്ച് വ്യവസ്ഥകൾ, ചോദ്യം ചെയ്തോ അവയുടെ ലംഘനം സംബന്ധിച്ചോ, നിഷേധം സംബന്ധിച്ചോ ഉള്ള ഹർജികൾ പരിഗണിക്കപ്പെടുകയുള്ളൂ.

8. <u>ഭേദഗതി വ്യവസ്ഥകൾ</u>

വിജ്ഞാപന വ്യവസ്ഥകളുടെ കാലാനുസൃത നിർവ്വഹണം, അവലോകനം, പരിഷ്ക്കരണം, വിപുലീകരണം, നിരാസം, നടപടി ക്രമ രൂപീകരണം എന്നിവയ്ക്കുള്ള ഉത്തരവാദിത്വം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.

20. പോലീസിംഗ് അധികാരം

ഉപനിയമാവലിയുടെയോ അതിന് അനുബന്ധമായി രൂപപ്പെടുന്ന ഉപാധികളുടെയോ നടത്തിപ്പിനായി നഗരസഭയ്ക്ക് അഥവാ നഗരസഭ അധികൃതമാക്കുന്ന ഉദ്യോഗസ്ഥർ/ജീവനക്കാർ/ഏജൻസി തുടങ്ങിയവർക്ക് ആവശ്യമായ സേവനം ലഭ്യമാക്കാൻ നഗരസഭാ മേയർക്ക് നഗരസഭ പരിധിയിൽ ഉൾപ്പെടുന്ന പോലീസ് അധികാരസ്ഥരോട് രേഖാമൂലം ആവശ്യപ്പെടാവുന്നതും ആയത് യഥാവിധി പാലിക്കാത്തപക്ഷം അതിനിടയാക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തക്കതായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് അവരുടെ മേലധികാരസ്ഥരോട് ആവശ്യപ്പെടാവുന്നതാണ്.

10. ശുചിത്വ പരിപാലന നിധി

ഉപനിയമാവലിയുടെയോ അതിന് അനുബന്ധമായി രൂപപ്പെടുന്ന ഉപാധികളുടെയോ നടത്തിപ്പിനായും സാമൂഹ്യ ബോധവൽക്കരണം പ്രചാരണം പരാതി പരിഹാര സംവിധാനം തുടങ്ങിയവയുടെ നടത്തിപ്പിനായോ ഇതിലേക്ക് അനിവാര്യമായ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ പരിപാലിക്കുന്നതിലായിട്ടോ നിർവ്വചിക്കപ്പെട്ടിട്ടുള്ളവിധം ഇതിലേക്ക് നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾ അനുസരിച്ചുള്ള നിധി സ്ഥാപിച്ച് പരിപാലിച്ച് വിനിയോഗിക്കാവുന്നതാണ്.

**<u>പിഴകൾ – പട്ടിക 1</u>**

| വകുപ്പ് | കുറ്റം | പിഴ |
|---|---|---|
| 336 | പരിസരങ്ങളിൽ ചവറ്/മാലിന്യം മുതലായവ ഇരുപത്തിനാലു മണിക്കറിലധികം സമയം കുടിക്കിടക്കുവാൻ ഇടവരുത്തുന്നതിന് | 1000/- |
| 335 | മൃഗശവങ്ങളും ചവറുകളും മാലിന്യങ്ങളും അനുചിതമായ രീതിയിൽ കൈയ്യൊഴിയുന്നതിന് | 500/- |
| 337 | തെരുവകളിൽ കൂടി മാലിന്യം ഒഴുകി പോകാൻ ഇടവരുത്തുന്നതിന് | 2500/- |
| 338 | തൊല്, മൃഗശവങ്ങൾ മുതലായവ നിയമം ലംഘിച്ച് കൈയ്യൊഴിയുന്നതിന് | 5000/- |
| 340 | ചവറോ മാലിന്യമോ കെട്ടിടാവശിഷ്ടമോ പൊതു സ്ഥലത്ത് നിക്ഷേപിക്കുന്നതിന് | 2000/- |

| | | |
|---|---|---|
| 341 | പൊതുതെരുവുകൾ മുതലായവയിൽ ശല്യം ചെയ്യുന്നതിന് | 500/- |
| 370 | പൊതുതെരുവിൽ സാധനങ്ങൾ അനധികൃതമായി നിക്ഷേപിക്കുക മുതലായവ ചെയ്യുന്നതിന് | 1000/- |
| 378 | വൃക്ഷങ്ങൾ വീഴുന്നത് മുതലായ തെരുവിലുണ്ടാകുന്ന തടസ്സം 12 മണിക്കുറിനുള്ളിൽ നീക്കം ചെയ്യാൻ വീഴ്ച വരുത്തുന്നതിന് | 1000/- |
| 425 | ജലാശങ്ങളിലെ ജലം മലിനപ്പെടുത്തുന്നതിന് | 500/- |
| 426 | ആൾപാർപ്പില്ലാത്ത പരിസരങ്ങൾ കെട്ടി അടയ്ക്കുന്നതിനോ വെട്ടിവെടിപ്പാക്കുന്നതിനോ വൃത്തിയാക്കുന്നതിനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| 427 | കുടിപാർപ്പില്ലാത്ത പുരയിടങ്ങൾ കെട്ടി അടയ്ക്കണമെന്നോ വെട്ടിത്തെളിക്കണമെന്നോ, വൃത്തിയാക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| 436 | ശല്യമോ ആപത്തോ ഉണ്ടാകത്തക്കവണ്ണം മൃഗങ്ങളെ നിയമവിരുദ്ധമായി വളർത്തുന്നതിന് | 500/- |
| 449 | ശല്യം ഇല്ലാതാക്കുന്നത് സംബന്ധിച്ച് ഉത്തരവ് ലംഘിക്കുന്നതിന് | 2500/- |
| 465 | സ്വകാര്യ മാർക്കറ്റുകളിൽ ശല്യം ഉണ്ടാക്കുന്നതിന് | 250/- |
| 519 | സമൻസ് അനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| | നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉൽപാദനം, വിതരണം, സംഭരണം, വിൽപ്പന, ഉപയോഗം, കടത്തികൊണ്ട് പോകൽ, തരംതിരിക്കൽ, ശേഖരിക്കൽ എന്നില നടത്തുന്നത് | |
| | പ്രഥമ കുറ്റകൃത്യത്തിന് | 500/- |
| | രണ്ടാമതും ആവർത്തിക്കുന്ന പക്ഷം | 5000/- |
| | വീണ്ടും ആവർത്തിക്കുന്ന പക്ഷം | 10000/- |
| | വീണ്ടും ആവർത്തിക്കുന്ന പക്ഷം | 25000/- |

## <u>പിഴകൾ – പട്ടിക 2</u>

| പട്ടിക | കുറ്റം | പിഴ |
|---|---|---|
| 6.2 | ഉൽപ്പാദന സ്രോതസ്സിൽ മാലിന്യം തരം തിരിക്കാതെ സൂക്ഷിക്കക, കൈമാറുക | 100/– |
| | ആവർത്തനം പ്രതിദിനം | 200/– |
| 6.3 | മാലിന്യം തരം തിരിക്കാതെ സൂക്ഷിക്കക, കൈമാറുക | 100/– |
| | ആവർത്തനം പ്രതിദിനം | 200/– |
| 6.4 | നഗരസഭയുടെ നിർദ്ദേശത്തിന് വിരുദ്ധമായി മാലിന്യം കൈകാര്യം ചെയ്യുക | 250/– |
| | ആവർത്തനം പ്രതിദിനം | 500/– |
| 6.5 | സംഭരണികൾ സൂക്ഷിക്കാതിരിക്കുക കലർത്തുക | 100/– |
| | ആവർത്തനം പ്രതിദിനം | 250/– |
| 6.6 | മാലിന്യ സംഭരണ സംവിധാനത്തിന് നഗരസഭ നിശ്ചയിക്കുന്ന തുക നൽകാതിരിക്കൽ | 250/– |
| | ആവർത്തനം | 500/– |
| | കൂടാതെ താമസം വരുന്ന ഓരോ മാസവും 2 രൂപ നിരക്കിൽ പലിശ കൂടി നൽകേണ്ടതാണ് | |
| 6.8 | മാലിന്യ സംസ്ക്കരണത്തിന് വൻകിട ഉൽപ്പാദകർ സംവിധാനം ഏർപ്പെടുത്താതിരിക്കുക | 5000/– |
| | സംവിധാനം ഏർപ്പെടുത്താത്ത ഓരോ ദിവസവും പ്രതിദിനം | 2000/– |
| | മാലിനം നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അടക്കേണ്ട തുകയ്ക്ക് പുറമേയാണ് ഈ തുക ഒടുക്കേണ്ടതാണ് | |
| 6.11 | ജൈവേതര മാലിന്യങ്ങൾ നിർദ്ദേശാനുസരണം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തൽ | 2500/– |
| | ആവർത്തന പ്രതിദനം | 1000/– |
| 6.13 | ജൈവ ചികിത്സ മാലിന്യങ്ങൾ മറ്റു മാലിന്യങ്ങളുമായി കൂട്ടി കലർത്തുക | 5000/– |
| | ആവർത്തനം പ്രതിദിനം | 3000/– |
| 6.14 | നിർമ്മാണ നശീകരണ മാലിന്യങ്ങൾ നഗരസഭയുടെ നിർദ്ദേശ പ്രകാരം മാറ്റാത്തതിന് | 2500/– |
| | ആവ നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അടക്കേണ്ട തുകയ്ക്ക് പുറമേയാണ് ഈ തുക ഒടുക്കേണ്ടതാണ് | |
| 6.15 | ഉദ്യാന മാലിന്യങ്ങൾ നഗരസഭയുടെ നിർദ്ദേശ പ്രകാരം മാറ്റാത്തതിന് | 1000/– |
| | ആവ നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അടക്കേണ്ട തുകയ്ക്ക് പുറമേയാണ് ഈ തുക ഒടുക്കേണ്ടതാണ് | |
| 6.18 | മാലിന്യങ്ങൾ അലക്ഷ്യമായോ അശ്രദ്ധയോടെയോ കത്തിച്ചാൽ | 1000/– |
| | ആവർത്തന കുറ്റത്തിന് | 2500/– |
| 6.19 | മാലിന്യ സംഭരണം പരിവഹണം നിർമ്മാർജ്ജനം എന്നിവയ്ക്കായി നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസി / ജീവനക്കാർ വേർതിരിച്ച മാലിന്യം കൂട്ടികലർത്തുന്ന പക്ഷം | 500/– |
| | ആവർത്തന കുറ്റത്തിന് | 1000/– |

| | | |
|---|---|---|
| 7.2 | മാലിന്യ സംഭരണത്തിനും ശേഖരണത്തിനും പരിവഹണത്തിനും അന്തിമ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും നഗരസഭ ഏർപ്പെടുത്തുന്ന സംവിധാനത്തോട് സഹകരിക്കാത്തതിന് | 2500/- |
| 7.3 | സ്വകാര്യ ഇടങ്ങളിൽ മാലിന്യം പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്നതിലോ അനുവദനീയമായ വിധത്തിലോ ശേഖരിക്കുക, നിക്ഷേപിക്കുക, കൈകാര്യം ചെയ്യുക, മാലിന്യ പരവഹണത്തിന് അശ്രാസ്ത്രീയ വാഹനങ്ങൾ ഉപയോഗിക്കുക | 2500/- |
| | ആവർത്തനം | 5000/- |
| 7.4 | പൊതു നിരത്തുകളിലും ചാലുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യം പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്നതരത്തിൽ ശേഖരിക്കുക, നിക്ഷേപിക്കുക | 2500/- |
| | ആവർത്തനം | 5000/- |
| 7.10 | നഗരസഭ നിർദ്ദേശം പാലിക്കാത്തതിന് | 10000/- |
| | ആവർത്തനം പ്രതിദിനം | 1000/- |
| 7.15 | പൊതു തെരുവിലേക്ക് മാലിന്യം ഒഴുക്കി വിടുന്നതിന് / ഓടകൾ-ജലനിർഗ്ഗമന ചാലുകൾ എന്നിവയിലേക്ക് ചവറോ, പ്ലാസ്റ്റിക്കോ, വിസർജ്ജ വസ്തുവോ നിക്ഷേപിക്കുന്നതിന് | 5000/- |
| 7.16 | തോലോ തോലിന്റെ അവശിഷ്ടമോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ നിക്ഷേപിക്കുക | 10000/- |
| 7.17 | ചവറോ മാലിന്യമോ അവശിഷ്ടമോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ നിക്ഷേപിക്കുക | |
| | തൽക്ഷണ പിഴ | 250/- |
| | നോട്ടീസ് നൽകി പിഴ | 2000/- |
| | ആവർത്തന കുറ്റം | 2000/- |
| | (മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ചെലവ് കൂടി ഇതിനൊപ്പം ഈടാക്കുന്നതാണ്) | |
| 7.20 | ചുമതലപ്പെട്ട ഏജൻസിയോ ജീവനക്കാരോ വ്യക്തികളോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ മാലിന്യ പരിവഹണ വാഹനമോ സംഭരണിയോ നിറുത്തിയിടുകയോ വയ്ക്കുകയോ ചെയ്യുക | 5000/- |